

# ഓർത്തഡോക്സ് യുവജനം

വാല്യം 10
ലക്കം 01

ത്രൈമാസിക

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം


Happy Married Life
Roshmi & Sarath
ROSHMI MARY ROY
VANPUZHAVELIL ROY VILLA
CHERIYANAD P O
CHENGANNUR
SARATH JACOB
VETTUVALLIL HOUSE
MANGANAM P O
KOTTAYAM
30 December 2018
St George Orthodox Church Puthupally, Kottayam

# ഉൾപേജുകളിലൂടെ...













**04** **നസ്രായന്റെ പാതയിൽ**
പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ

**05** **നോമ്പ് ജയത്തിന്റെ അടയാളം**
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

**07** **വിശ്വാസത്തിന്റെ നിറവും സാക്ഷ്യത്തിന്റെ പ്രകാശനവും**
ഫാ. അജി.കെ. തോമസ്

**08** **യാഥാർത്ഥ്യങ്ങളെ തമസ്ക്കരിക്കുന്ന നിയമനിർമ്മാണം**
ഫാ. തോമസ് രാജു കരുവാറ്റ

**10** **യേശുവിനെ നോക്കുക**
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

**13** **നോമ്പ്**
ഫാ. വർഗീസ് ടി.വർഗീസ്, അഞ്ചൽ

**15** **വൈരാഗ്യം**
ഫാ. സഖറിയ നൈനാൻ (സഖേർ)

**17** **നോവുള്ള അൻപ് നോമ്പ്**
മിന്റ മറിയം വർഗീസ്

**19** **നോൺ ആൽക്കഹോളിക് ഫാറ്റിലിവർ ഡിസീസർ**
ഡോ. റൂബി രാജു

**20** **തീർത്ഥാടനം**
ഫാ. കെ.കെ. വർഗീസ്

**20** **മൗദ്യോനൂസോ**
ഫാ. മാത്യു വർഗ്ഗീസ്, റോം

**21** **സൈബർ കുറ്റകൃത്യങ്ങൾ**
അഡ്വ. ജയിംസ് ജോൺസൺ

**22** **രക്തസാക്ഷികൾക്ക് പറയാനുള്ളത്**
റെനി അന്നാഫിലിപ്പ്

**24** **പരിശുദ്ധ സഭ ക്രിസ്തുവിന്റെ ശരീരവും മണവാട്ടിയും**
ഫാ. ജോജി കെ. ജോയി അടൂർ

**26** **ദാർശനികനായ പുണ്യവാനും സഭാ സ്നേഹിയും**
ബസലേൽ റമ്പാൻ ബേസിൽ ദയറ

**29** **യുവജനം**
ഫാ. ജോൺ റ്റി. ശാമുവേൽ (പബ്ലിഷർ)



# ഓർത്തഡോക്സ് യുവജനം
## ത്രൈമാസിക

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയസെമിനാരി റോഡ്, ചുങ്കം, കോട്ടയം – 1
ഫോൺ : 0481 2583997
email : orthodoxyuvajanam1936@gmail.com
facebook : ocymmediawing

design : tinjuz@9495164966



എഡിറ്റോറിയൽ ബോർഡ്

പ്രസിഡന്റ്
**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ**
വൈസ് പ്രസിഡന്റ്
**ഫാ. വർഗീസ്. ടി. വർഗീസ്**
ജനറൽ സെക്രട്ടറി
**ഫാ. അജി. കെ .തോമസ്**
ട്രഷറർ
**ജോജി പി. തോമസ്**
ചീഫ് എഡിറ്റർ
**ഫാ. തോമസ് രാജു കരുവാറ്റ**
പബ്ലീഷർ
**ഫാ. ജോൺ റ്റി. ശാമുവേൽ**
ബോർഡ് അംഗങ്ങൾ
**ലെനി ജോൺ പോരുവഴി**
**ടിൻജു ശാമുവേൽ പനംകുറ്റിയിൽ**



e-reading : www.ocymonline.org

പരിശുദ്ധ പിതാവിൽ നിന്നും...

# നസ്രായന്റെ പാതയിൽ

**പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ**

ദൈവത്തോടൊപ്പം സഞ്ചരിക്കാൻ നമ്മെ പരുവപ്പെടുത്തുന്ന നാളുകളാണ് നോമ്പുകാലം. ദൈവം നോമ്പ് നോറ്റു എന്നതു തന്നെയാണ് വലിയ നോമ്പിന്റെ ശക്തമായ സന്ദേശം . യൗവനത്തിൽ പിതാവിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിക്കുവാൻ ദൈവപുത്രൻ ഒരുങ്ങിയതും ശക്തി പ്രാപിച്ചതും നോമ്പിന്റെ വഴിയെ പുണർന്നു കൊണ്ടാണ്. ആയതിനാൽ നോമ്പ് നോക്കുന്ന ഓരോ യൗവ്വനക്കാരനും നസ്രായന്റെ പാതയിൽ വിശുദ്ധിയുടെ ഒരു ചുവടു വയ്ക്കുകയാണ്. അപ്പത്തിന്റെയും അധികാരത്തിന്റെയും ആത്മീയ ഗർവ്വിന്റെയും പ്രലോഭനങ്ങളിൽ നിന്നും കുതറി മാറുവാൻ ഹൃദയകൂടാരത്തിൽ അനുതാപക്കണ്ണുനീരിന്റെ ഒരു പൊൻ വിളക്ക് തെളിയിച്ചു വയ്ക്കുവാൻ ഈ ദിനങ്ങളിൽ നമുക്ക് സാധിക്കണം. ലക്ഷ്യമേതുമില്ലാതെ പല വിധ യാത്രകളിൽ മുഴുകുന്ന നമുക്ക് നമ്മുടെ അകത്തേയ്ക്കും അതുവഴി അവനിലേക്കും ഒന്ന് ധ്യാനാത്മകമായി യാത്ര ചെയ്യുവാനുള്ള അവസരമാണ് നോമ്പ് തുറന്നിടുന്നത്. പരനെയും അപരനെയും കൂടുതൽ തെളിമയോടെ കാണുവാനും അറിയുവാനും ഈ നോമ്പ് നമ്മുടെ മനോ നേത്രങ്ങളെ വിശുദ്ധീകരിക്കട്ടെ. മലങ്കരയിലെ യുവസമൂഹം മുഴുവനും ഒരുമിച്ച് കുമ്പിട്ട് നമസ്കരിക്കുകയും ഉപവസിച്ച് നോമ്പ് നോക്കുകയും ചെയ്യുന്ന മനോഹരമായ കാഴ്ച കാണുവാനായിരിക്കും ദൈവവും സഭാ മാതാവും ഈ നാളുകളിൽ ആഗ്രഹിക്കുന്നത് . ആ കാഴ്ചയുടെ സാഫല്യം ഈ വർഷം അനുഭവവേദ്യമാക്കുവാൻ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളും യുവജനം മാസികയുടെ ഈ ലക്കത്തിലെ ലേഖനങ്ങളും നമ്മെ പ്രാപ്തരാക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു ദൈവം അനുഗ്രഹിക്കട്ടെ

❖

> നോമ്പ് നോക്കുന്ന ഓരോ യൗവ്വനക്കാരനും നസ്രായന്റെ പാതയിൽ വിശുദ്ധിയുടെ ഒരു ചുവടു വയ്ക്കുകയാണ്



# നോമ്പ് ജയത്തിന്റെ അടയാളം



**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ**

> ശുദ്ധമുള്ള **നോമ്പ്** ജയത്തിന്റെ അടയാളവും ശത്രുവായ ദുഷ്ടന്റെ നേരെ തോല്ക്കാത്ത ആയുധവുമാകുന്നു.

**ദൈവതിരുനാമത്തിന് മഹത്വം**
**ക്രിസ്തുയേശുവിൽ സ്നേഹവന്ദനം**

ഒരു വിധത്തിൽ അല്പം പ്രയാസത്തോടും മറ്റൊരുവിധത്തിൽ വളരെ സന്തോഷത്തോടും കൂടിയാണിതെഴുതുന്നത്. കഴിഞ്ഞ കുറെ മാസങ്ങളായി മാസിക മുടങ്ങിയത് പ്രയാസത്തിന് കാരണമെങ്കിൽ പുതിയ ടീമിന്റെ ഉത്തവാദിത്വത്തിൽ കെട്ടിലും മട്ടിലും വ്യതിയാനം വരുത്തിക്കൊണ്ട് പുനർജീവിപ്പിക്കുവാൻ കഴിഞ്ഞത് സന്തോഷവർദ്ധനയ്ക്ക് കാരണമാണ്. പുതിയ പത്രാധിപസമതിയംഗങ്ങളായ റവ.ഫാ.തോമസ് രാജു (എഡിറ്റർ) റവ. ഫാ. ജോൺ.റ്റി. ശാമുവേൽ (പബ്ലിഷർ) ലെനി ജോൺ, ടിഞ്ചു ശാമുവേൽ എന്നിവർക്ക് ആശംസകൾ നേരുന്നതോടൊപ്പം മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുമെന്നും പ്രതീക്ഷിക്കുന്നു. പ്രതിമാസ പ്രസിദ്ധീകരണമായിരുന്നത് പലസാഹചര്യങ്ങൾ കൊണ്ട് ത്രൈമാസികയായിട്ടാണ് പ്രസിദ്ധീകരിക്കുക. മാസികക്ക് വരിക്കാരെ ചേർത്തും പരസ്യങ്ങൾ നല്കുവാൻ പ്രാപ്തിയുളളവരെ കണ്ടെത്തിയും സാമ്പത്തിക മേഖല ശക്തമാക്കുവാൻ ഏവരും സഹകരിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

പ്രസ്ഥാനത്തിന്റെ പ്രഥമ സംരംഭം എന്ന നിലയിൽ 2018-19 ലെ ചിന്താവിഷയത്തെ (കൊലോസ്സ്യർ :2:6,7) അടിസ്ഥാനപ്പെടുത്തി ഒരു പരീക്ഷ ഫെബ്രുവരി 24 ന് ക്രമീകരിച്ചിരുന്നു. അനേകം അംഗങ്ങൾ ഇക്കാര്യം ഉത്സാഹപൂർവ്വം കണ്ട് താത്പര്യത്തോടെ പരീക്ഷ എഴുതിയെന്നത് വളരെ ശുഭോദർക്കമാണ്. 2019-20 ലെ ചിന്താവിഷയം യേശുവിനെ നോക്കുക (എബ്രായർ 12:2) എന്നതായിരിക്കും. ഗൾഫ് മേഖലകളിൽ ജനുവരി-ഡിസംബർ ആയി സാമ്പത്തിക വർഷം കണക്കാക്കുന്നതിനാൽ നേരത്തെ തന്നെ വിഷയം തീരുമാനിച്ചിട്ടുണ്ട്. ഒ.സി.വൈ.എം.ന്റെ പഠനമേഖല ശക്തിപ്പെടുത്തുക എന്നത് നമ്മുടെ ഊന്നൽ വിഷയങ്ങളിലൊന്നാണ് . "പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു" (ഹോശയ: 4:6) എന്ന രോദനസന്ദേശം നമ്മെക്കുറിച്ചാകാതിരി

ജോർജ്ജ് സ്റ്റീവൻസൺ നിർമ്മിച്ച(1814) ആദ്യത്തെ തീവണ്ടി എഞ്ചിന്റെ പേര് എന്ത് ?
ബ്ലൂച്ചർ

ക്കാൻ ഏറെ ശ്രദ്ധിക്കണം. പ. സഭയുടെ വിശ്വാസ സംബന്ധമായ കാര്യങ്ങളെക്കുറിച്ച് വളരെ സംക്ഷിപ്തമായ ഒരു ലഘുഗ്രന്ഥവും പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്. വായനയും പഠനവും നമ്മുടെ ജീവിതത്തിലെ ഒഴിവാക്കപ്പെടാത്ത ഘടകങ്ങളായിരിക്കണം. വിദ്യാഭ്യാസമേഖലയിലെ വാർഷികപരീക്ഷയ്ക്കായി ഒരുങ്ങുന്നവർക്കും എഴുതുന്നവർക്കും എല്ലാ മംഗളങ്ങളും നേരുന്നു.

മാർച്ച് 4 ന് വലിയനോമ്പ് ആരംഭിക്കുന്നു. പ്രസ്ഥാനത്തിന്റെ എല്ലാ അംഗങ്ങളും നോമ്പാരംഭം മുതൽ, ലാഘവ- അലസതാ മനോഭാവമില്ലാതെ നോമ്പനുഷ്ഠിക്കണം. തിന്മകളും മ്ലേച്ഛതകളും പെരുകി വരുന്ന കാലഘട്ടത്തിൽ അതിജീവനപാതയിലെ ശാക്തീകരണഘടകങ്ങളായ പ്രാർത്ഥന-നോമ്പ്- ഉപവാസം അവഗണിക്കപ്പെടരുത്. നോമ്പിന് പ.പിതാക്കന്മാർ നൽകുന്ന നിർവ്വചനം, “ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവായ ദുഷ്ടന്റെ നേരെ തോല്ക്കാത്ത ആയുധവുമാകുന്നു” എന്നാണ്. ഭക്ഷണക്രമത്തിൽ മാത്രമല്ല എല്ലാ കാര്യങ്ങളിലും ചില നിയന്ത്രണങ്ങൾ ഉണ്ടാകണം; സോഷ്യൽ മീഡിയായുടെ ഉപയോഗം (ദുരു) ഉൾപ്പെടെ. യൂണിറ്റ്-ഡിസ്ട്രിക്ട്-ഭദ്രാസന തലത്തിൽ ധ്യാനയോഗങ്ങൾ ക്രമീകരിക്കുന്നത് നന്നായിരിക്കും. വി: കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിക്കുന്ന കാര്യത്തിലും വീഴ്ചയുണ്ടാകരുത്.

നമ്മുടെ രാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടി വീരമൃത്യു വരിച്ച സൈനീക സഹോദരങ്ങളുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരുന്നു. ഒപ്പം കുടുംബാംഗങ്ങൾക്ക് സമാധാനവും പ്രത്യാശയും ദൈവം നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒ.സി.വൈ.എം. കേന്ദ്ര ആഫീസിന്റെ നവീകരണം പൂർത്തിയാക്കുവാൻ സഹകരിച്ചവരോടുള്ള നന്ദി അറിയിക്കുന്നു.

പ്രളയകാലത്ത് രക്ഷാപ്രവർത്തനങ്ങൾക്ക് സഹായമെത്തിക്കുന്നതിന് അദ്ധ്വാനിച്ച യൂണിറ്റുകളെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. പ്രളയദുരന്തങ്ങളിൽ ജീവൻപോലും പണയപ്പെടുത്തി രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച ഒരുപറ്റം മുക്കുവ സഹോദരങ്ങളെ പരുമലപെരുന്നാളിനോടനുബന്ധിച്ച് കൂടിയ യുവസംഗമത്തിൽ വച്ച് ആദരിച്ചത് ധന്യനിമിഷങ്ങളായിരുന്നു.

നമ്മുടെ രാജ്യം ഒരു പൊതുതെരഞ്ഞെടുപ്പിലേക്ക് നീങ്ങുകയാണല്ലോ. ജനാധിപത്യമതനിരപേക്ഷ-സംവിധാനങ്ങൾക്ക് ഭീഷണികൾ പെരുകുന്നു. മതതീവ്രവാദ ഭീകരപ്രവർത്തനങ്ങളും കൂടുന്നു. സത്യസന്ധവും സുതാര്യവും നീതിയുക്തവുമായി കാര്യങ്ങൾ നടക്കണം.

ദൈവം അനുഗ്രഹിക്കട്ടെ.

❖

നമ്മുടെ രാജ്യം ഒരു പൊതുതെരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പ് സന്ദർഭത്തിലേക്ക് നീങ്ങുകയാണല്ലോ. ജനാധിപത്യ മതനിരപേക്ഷ-സംവിധാനങ്ങൾക്ക് ഭീഷണികൾ പെരുകുന്നു. മതതീവ്രവാദ ഭീകരപ്രവർത്തനങ്ങളും കൂടുന്നു. സത്യസന്ധവും സുതാര്യവും നീതിയുക്തവുമായി കാര്യങ്ങൾ നടക്കണം.

വലുപ്പത്തിൽ ഇന്ത്യൻ റെയിൽവേയുടെ ഇന്നത്തെ സ്ഥാനം ?
ഏഷ്യയിൽ രണ്ടാമത്തെയും ലോകത്തിൽ അഞ്ചാമത്തേതും

# വിശ്വാസത്തിന്റെ നിറവും സാക്ഷ്യത്തിന്റെ പ്രകാശനവും





**ഫാ. അജി.കെ. തോമസ്**
**ഒ.സി.വൈ.എം. ജനറൽ സെക്രട്ടറി**

മനുഷ്യായുസിലെ പുഷ്പിതകാലമാണ് യൗവനം. എന്നാൽ മനുഷ്യർ സംഘടിതരായി ജീവിച്ച് തുടങ്ങിയ കാലം മുതൽ ചില പ്പോൾ അതിന് മുമ്പുതന്നെ യൗവനം ഒരുപാട് പഴിപറച്ചിലുകൾ കേട്ടുകൊണ്ടേയിരുന്നു. ക്രിസ്തീയ യൗവ്വനം, ഓർത്തഡോക്സ് യൗവനം കേൾക്കുന്ന ഏറ്റവും വലിയ പഴി എന്താണ്?. എന്തായിരിക്കണം? മറ്റൊന്നുമല്ല- വി. വേദം നാം മനനം ചെയ്യുന്നില്ല, വായിക്കുന്നില്ല, അറിവു നേടുന്നില്ല, ആരാധനയിൽ സംബന്ധിക്കുന്നില്ല എന്നൊക്കെയാണ്. ഇതിനെയൊന്ന് വിചിന്തനം ചെയ്യേണ്ടത് ഏറെ ആവശ്യമാണ്. കുരീപ്പുഴ ശ്രീകുമാർ 'സഭ' എന്ന കവിതയിൽ

*"അപ്പോൾ ക്രിസ്ത്യാനിയാണല്ലേ*
*ഏതാ സഭ*
*ലോക്സഭയെന്നോ രാജ്യസഭയെന്നോ*
*പറയാനറിയാതെ*
*അവൻ സ്വന്തം കൈയിലെ*
*ആണിപ്പഴുത് നോക്കിയിരുന്നു."*
*ഉറകെട്ടുപോയ ഉപ്പിന്റെ അവസ്ഥ...*

ഡോ. എസ്. രാധാകൃഷ്ണൻ 'Time knowldege' എന്ന പുസ്തകത്തിൽ " The weakness of present generation is that it is rootless and the true function of a university is to take it back its root"

ആധുനിക തലമുറയുടെ പ്രശ്നം എന്താണ്? വേരുകൾ ഇല്ലാതെ പോയി എന്നതാണ്. വേരുകളിലേക്ക് മടങ്ങുക എന്നതാണ് വിദ്യാഭ്യാസം.

മണ്ണിന്റെ വീര്യം പൂവിന്റെ സൗന്ദര്യമായിത്തീരുന്നത്. ചെടി യുടെ വേരുകൾ ആഴങ്ങളിലേക്ക് ഇറങ്ങേണ്ടുന്ന രീതിയിൽ ഇറങ്ങുമ്പോഴാണ്. വേരുകൾ അഴുകിയാൽ ചെടിയും അഴുകും. വിശ്വാസം ക്രിസ്തീയ ജീവിതത്തിന്റെ ആഴങ്ങ ളിലെക്കിറങ്ങുവാൻ സഹായിക്കുന്ന ഉപകരണമാണ് വേദ പഠനം. **'ക്രിസ്തുവിൽ വേരൂന്നി വളരുക'** (കൊലോസ്യർ 2:7). അതാണ് വിശ്വാസത്തിന്റെ നിറവ്. നേടിയ ദൈവത്തെ, നിലനിർത്തുന്ന ദൈവത്തെ സ്തുതിക്കുന്നതാണ് ആരാധന. അത് സാക്ഷ്യത്തിന്റെ പ്രകാശനവും, അങ്ങനെ മുളയ്ക്കുന്ന യൗവ്വന നന്മ വൃക്ഷങ്ങൾ പൂവിട്ട് നാളെകളെ സുഗന്ധഭരി തമാക്കട്ടെ.

മാർച്ച് മാസത്തിൽ യൂണിറ്റ് തെരഞ്ഞെടുപ്പുകൾ പൂർത്തീകരിച്ച് യൂണിറ്റ് രജിസ്ട്രേഷൻ നിർവ്വഹിച്ച് പുതിയ പ്രവർത്തനവർഷത്തിലേക്ക് പ്രവേശിക്കാം. 2019–20 വർഷത്തെ രൂപരേഖ അയച്ചുതരുന്നതാണ്. അതിന് അനു സൃതമായി പ്രവർത്തനങ്ങൾ നടത്തണം.

വലിയ നോമ്പ് പിടിച്ച് വ്രതാനുഷ്ഠാനത്തിന്റെ ദിനങ്ങളെ പുണ്യമാക്കി കഷ്ടാനുഭവത്തെ കുറിച്ച് അനുഭ വിച്ചറിഞ്ഞ് ഉയിർപ്പിന്റെ സൗരഭ്യം വീണ്ടും ആസ്വദിക്കാം. വ്യക്തിപരമായ രൂപാന്തരമതിലുകൾ പടുത്തുയർത്തി വിശുദ്ധ നോമ്പിൽ ധർമ്മം ചെയ്യാം. ചെയ്യേണ്ടത് ചെയ്യേണ്ടുന്ന സമയത്ത് ചെയ്യുന്നതാണ് ധർമ്മം. അതാണ് വിശുദ്ധ നോമ്പിന്റെ സുകൃതം

സ്നേഹപൂർവ്വം നിങ്ങളുടെ അജിയച്ചൻ

❖

പെരുമൺ തീവണ്ടി ദുരന്തം നടന്നത്
1988 ജൂലൈ 8 (ബാംഗ്ലൂർ- കന്യാകുമാരി ഐലൻറ് എക്സ്പ്രസ്
കൊല്ലം ജില്ലയിലെ പെരുമൺ പാലത്തിൽനിന്ന് അഷ്ടമുടി കായലിലേക്ക് മറിഞ്ഞു.



# യാഥാർത്ഥ്യങ്ങ
# തമസ്ക്കരിക്കു
# നിയമനിർമ്മ

കേരളത്തിലെ സഭകളുടെ സ്വത്ത് കൈകാര്യം, സ്ഥാപനങ്ങളുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച് ജസ്റ്റീസ് കെ.ടി.തോമസ് അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷൻ (Kerala Law Reforms Commission) കൊണ്ടുവന്ന കരട് ബില്ല് ഏറെ വിവാദങ്ങൾക്കും ആശങ്കകൾക്കും ചർച്ചകൾക്കുമൊക്കെ വഴിവെച്ചിരിക്കുകയാണല്ലോ. സഭാ ഭരണം ജനാധിപത്യപരമാക്കുവാനും പള്ളിസ്വത്തുക്കളുടെ അവകാശം ജനങ്ങളിൽ കേന്ദ്രീകൃതമാക്കുവാനും വരവുചിലവുകണക്കുകൾ സൂക്ഷ്മതയോടെ പരിശോധിക്കപ്പെടുവാനും ഈ നാടിന്റെ നിയമവ്യവസ്ഥക്കനുസരിച്ച് സഭകൾ ഭരിക്കപ്പെടുവാനുവാനുമുള്ള ഒരു സംവിധാനമെന്ന നിലയിലാണ് ഈ ബില്ല് പൊതുസമൂഹത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതും ചർച്ചചെയ്യപ്പെടുന്നതും.

പ്രത്യക്ഷത്തിൽ ഗുണപരമായ ഒരുമാറ്റത്തിന് ഉതകുന്ന നിയമനിർമ്മാണമാണിതെന്ന് തോന്നിപ്പിക്കുന്ന ക്യാമ്പൈനുകൾ സഭാ സ്നേഹികളെന്ന് അഭിമാനിക്കുന്ന ഒരുകൂട്ടം ആളുകൾ സ്വന്തമായും പരപ്രേരണകൊണ്ടും പരക്കെ നിർവ്വഹിച്ചും വരികയാണ്. സഭകളും പുരോഹിതൻമാരും സംഘടിതമായി ചർച്ച് ബില്ലിന് എതിരുനിൽക്കുന്നു എന്ന രീതിയിലുള്ള അഭിപ്രായങ്ങളും ചർച്ച് ആക്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടേയില്ല ഇത് ആസൂത്രിത ഗൂഢാലോചനയുടെ ഭാഗമാണെന്ന സർക്കാർവക പ്രസ്താവനകളും സഭകളെ തൊട്ടാൽ സർക്കാരിനു കൈപൊള്ളുമോ എന്ന മാധ്യമ ചർച്ചകളുമൊക്കെക്കൂടി ആകെയൊരു ബഹളമയമായ അന്തരീക്ഷമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് - ലോകസഭാ തിരഞ്ഞെടുപ്പ് കാലം കടന്നു വരുന്നതുകൊണ്ട് ഈ വിഷയം ഇങ്ങനെ തന്നെ ഉയർന്ന് തന്നെ നിൽക്കണമെന്ന് ആഗ്രഹിക്കുന്നവരുമുണ്ട്. ഇപ്പോൾ ഈ ബില്ല് സർക്കാർ വെബ്സൈറ്റിൽ നിന്ന് അപ്രത്യക്ഷമായിട്ടുണ്ട്. എത്രകാലത്തേക്ക് എന്ന് നമുക്കറിയില്ല.

ഒരു നിയമനിർമ്മാണം നടത്തുവാനും അതിന്റെ വിവിധ വശങ്ങൾ (എതിർപ്പുകളും അനുകൂലതകളും) പഠനവിധേയമാക്കി ചർച്ചചെയ്ത് അത് പ്രവൃത്തിയിൽ വരുത്തുവാനും ജനാധിപത്യവ്യവസ്ഥപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന് അവകാശ അധികാരങ്ങളുണ്ട് എന്നത് കേരളത്തിലെ സഭകൾക്കറിവില്ലാത്ത കാര്യമല്ല. എന്നാൽ ചില ഗൂഢ നീക്കങ്ങളും സ്ഥാപിത താൽപ്പര്യങ്ങളും ചോദ്യം ചെയ്യുവാനും എതിർക്കുവാനുമുള്ള ധാർമ്മികവും ജനാധിപത്യപരവുമായ അവകാശങ്ങൾ സഭയ്ക്കുണ്ട് എന്നത് ആരും വിസ്മരിച്ചുകൂടാ.

ക്രിസ്തീയ സഭകളുടെ ഉൽക്കർഷയ്ക്കു വേണ്ടി നിർമ്മിക്കപ്പെട്ട ബില്ല് എന്നവകാശപ്പെടുമ്പോളും ക്രിസ്തീയ സഭകൾ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും നിയമം അനുസരിക്കുന്നവരല്ല-അവർക്ക് അവരുടേതായ നിയമങ്ങളാണുള്ളത് ഭൂരിപക്ഷത്തെ നോക്കുകുത്തികളാക്കി ന്യൂനപക്ഷം സ്വതന്ത്രവിഹാരം നടത്തുന്നു എന്ന മട്ടിലുള്ള യാഥാർത്ഥ്യത്തെ വക്രീകരിക്കുന്ന കിംവദന്തികൾ എന്തിനുവേണ്ടിയാണ് സൈബർ പോരാളികളും സഭകൾക്കുള്ളിലെ രാഷ്ട്രീയ മുഖങ്ങൾ പേറുന്നവരും പറഞ്ഞുപരത്തുന്നതും അതിന് കൂട്ടുനിൽക്കുന്നതും? ഓരോ സഭകൾക്കും സഭാംഗങ്ങളെ സംബന്ധിക്കുന്ന വിഷയങ്ങൾക്ക് സഭാ ചട്ടങ്ങളുണ്ട് എന്നത് സത്യം തന്നെ. ഒരു സമുദായത്തിന്റെ ഭരണക്രമീകരണത്തിന് ഇത് ആവശ്യവുമാണ്. എന്നാൽ രാജ്യത്തിന്റെ സിവിൽ ക്രിമിനൽ നിയമങ്ങൾക്കപ്പുറമുള്ള ഒന്നായി സഭാ നിയമങ്ങൾ പ്രവർത്തിക്കുന്നില്ല എന്നതല്ലേ

ആവിശക്തി കൊണ്ട് പ്രവർത്തിക്കുന്ന തീവണ്ടി എഞ്ചിൻ നിർമ്മിച്ചതാര് ?
റിച്ചാർഡ് ട്രെവിത്തിക് (1804)



ളെ
ന്ന
മാണം

**ഫാ. തോമസ് രാജു കരുവാറ്റ**
**ചീഫ് എഡിറ്റർ**

പരമമായ സത്യം? സഭയിൽ നിന്നും നീതി ലഭിക്കാതെ പോകുന്നു എന്ന് പരാതികളുള്ളവർ രാജ്യത്തിന്റെ നിയമവ്യവസ്ഥകളെ സമീപിക്കുന്നതിൽ നിന്നും ആർക്കാണവരെ പിന്തിരിപ്പിക്കാനാവുന്നത്? അവരുടെ ന്യായമായ അത്തരം അവകാശങ്ങൾ ഏതു സഭയാണ് നിഷേധിച്ചിട്ടുള്ളത്?

സഭകൾ ജനാധിപത്യം നിഷേധിക്കുന്നു എന്നതാണ് അടുത്ത ആരോപണം ഓരോ ദേവാലയത്തിന്റെയും ഭരണക്രമീകരണം നിർവ്വഹിക്കുവാൻ തക്ക വിധത്തിൽ ജനങ്ങളാൽ തന്നെ തിരഞ്ഞെടുക്കപ്പെടുന്ന ഭരണസംവിധാനം നിലവിലുള്ള സഭകളെ മനപൂർവ്വമായി ഇകഴ്ത്തുവാനും ആശയക്കുഴപ്പം സൃഷ്ടിക്കുവാനും മാത്രമുതകുന്ന കാടടച്ച് വെടിവെക്കുന്ന പ്രസ്താവനയാണിത്. പള്ളികളുടെ സ്വത്തുക്കൾ പൊതു തീരുമാനപ്രകാരം കൈകാര്യം ചെയ്യുന്നതും അതിന്റെ ഗുണഭോക്താക്കളാകുന്നതുമെല്ലാം ആ ദേവാലയത്തിലെ അംഗങ്ങൾ തന്നെയാണ് എന്നതല്ലേ വസ്തുത? അപ്പോൾ പൊതു സമൂഹത്തിൽ തെറ്റിദ്ധാരണപരത്തിക്രൈസ്തവസഭയെഒറ്റപ്പെടുത്തുവാനുള്ള ഒരു ആസൂത്രിത നീക്കവും ന്യൂനപക്ഷ സ്നേഹം അഭിനയിച്ച് നിങ്ങളുടെ രക്ഷകരാണ് ഞങ്ങൾ എന്ന ഒരു മുതലെടുപ്പുമൊക്കെ ഇതിൽ ഒളിഞ്ഞും തെളിഞ്ഞുമൊക്കെ സ്ഥിതി ചെയ്യുന്നുണ്ട്. ഇടവക ജനങ്ങൾ തിരഞ്ഞെടുക്കുന്ന അംഗങ്ങളെക്കൊണ്ടും അംഗീകരിക്കപ്പെട്ട ചാർട്ടേഡ് അക്കൗണ്ടന്റ്മാരെക്കൊണ്ടും വർഷംതോറും ഓഡിറ്റിംഗ് നടത്തി സമയബന്ധിതമായി ഗവൺമെന്റ് അനുബന്ധ വകുപ്പുകൾക്ക് കണക്കുകൾ നൽകുന്ന പാരമ്പര്യവും രീതികളും പിന്തുടരുന്ന സഭകളെയും സംശയത്തിന്റെ നിഴലിൽ നിർത്തുന്നത് അധാർമ്മികമാണ്.

ഇപ്പോൾ തയ്യാറാക്കപ്പെട്ട ബില്ലിൽ പ്രിയപ്പെട്ടവർക്ക് തലോടലും അല്ലാത്തവർക്ക് തല്ലും എന്നരീതിയിലുള്ള ചില വകുപ്പുകൾ കുത്തിനിറച്ചിട്ടുമുണ്ട് എന്നതും പറയാതിരിക്കുവാൻ നിർവ്വാഹമില്ല- 2006ൽ ജസ്റ്റീസ് വി.ആർ കൃഷ്ണയ്യർ അദ്ധ്യക്ഷനായി രൂപീകരിക്കപ്പെട്ട നിയമപരിഷ്ക്കരണ കമ്മീഷൻ 2009 ൽ ചർച്ച് ആക്ട് ബില്ല് സർക്കാരിനു സമർപ്പിച്ചു അതിനെത്തുടർന്ന് ഈ ബില്ലിനു വേണ്ടി ശക്തിയുക്തം നിലകൊണ്ട ജസ്റ്റീസ് കെ.ടി.തോമസ് അദ്ധ്യക്ഷനായ നിയമപരിഷ്ക്കരണ കമ്മീഷൻ ജ.കൃഷ്ണയ്യർ സമർപ്പിച്ച നിർദ്ദേശങ്ങളോട് അജഗജാന്തര വ്യത്യാസമുള്ള ബില്ലാണ് 2019ൽ സമർപ്പിച്ചിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് - വിവിധ സഭകളുടെ വിശ്വാസ ദൈവശാസ്ത്രപരമായ പ്രബോധനങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട ഒരുവിഷയങ്ങളിലും തീരുമാനമെടുക്കുന്നതിനോ അഭിപ്രായം രൂപീകരിക്കുന്നതിനോ ഇടപെടുന്നതിനോ ഈ ആക്ട് ഉദ്ധേശിക്കുന്നില്ല '(വകുപ്പ് 2) എന്ന ജ.കൃഷ്ണയ്യർ കമ്മീഷന്റെ പരാമർശം ഈ ബില്ലിൽ ഇല്ല എന്നുള്ളതും ചർച്ച് ട്രിബ്യൂണൽ എന്നൊരു പുതിയ തർക്കപരിഹാര സമിതിയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട് എന്നുള്ളതുമാണ്. കൗതുകകരമായ വസ്തുത ട്രിബ്യൂണൽ തീരുമാനം അന്തിമമായിരിക്കും എന്ന നിർദ്ദേശമാണ്. സമാന്തര ഭരണം പാടില്ല എന്ന് ബഹു. സുപ്രീം കോടതി നിരീക്ഷിച്ച ഒരു സഭയുടെ ഔദ്യോഗികമായ ഒരു പൊതുചടങ്ങിൽ പങ്കെടുത്തുകൊണ്ട് ബഹു.സുപ്രീം കോടതി വിധിയെ മറികടക്കാനുള്ള നിർദ്ദേശങ്ങൾ എന്ന നിലയിൽ അവിടെ അവതരിപ്പിച്ച ചിലകാര്യങ്ങൾ അതേപടിതന്നെ ഒരു നിയമമായി അദ്ധേഹം തന്നെ അദ്ധ്യക്ഷനായ ഒരു സമിതി നമുക്കു മുന്നിൽ അവതരിപ്പിക്കുമ്പോൾ ചിന്താശേഷിയുള്ളവരും വായും നാവുമുള്ളവരും അൽപ്പമായെങ്കിലും പ്രതികരിച്ചു എന്ന് വരും അതിനെ പൗരോഹിത്യ ധാർഷ്ഠ്യമായിട്ടല്ല ധാർമ്മിക പ്രതികരണമായിവേണം നോക്കിക്കാണുവാൻ.... ❖

കുത്തനെ കയറ്റമുള്ള സ്ഥലങ്ങളിൽ 3 റെയിൽപ്പാളങ്ങൾ കാണും സാധാരണ പാളങ്ങളുടെ നടുവിലുള്ള ഈ മൂന്നാംപാളത്തിലെ പല്ലുപോലുള്ള ഭാഗങ്ങളിൽ പിടിച്ചാണ് തീവണ്ടി കയറുന്നത് ഇതിന് പറയുന്ന പേര് എന്ത് ? റാക്ക് റെയിൽവേ




# യേശുവിനെ നോക്കുക

(എബ്രയർ 12:13)



**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ**

എബ്രായലേഖനകർത്താവ് ആരെന്നുള്ളതുവേദപണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങളുള്ള വിഷയങ്ങളിൽ ഒന്നാണ് . അതുകൊണ്ടാണ് വേദപുസ്തകത്തിൽ എബ്രായർക്ക് എഴുതിയ ലേഖനം (The epistle to the Hebrews) എന്നുമാത്രം തലക്കെട്ട് നൽകിയിരിക്കുന്നത്.പക്ഷേ പൗരസ്ത്യ സഭ ഈ ലേഖനത്തെ പ.പൗലോസിന്റെ ലേഖനങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാരണം പ.സഭാപിതാക്കന്മായ സ്വർണ്ണ നാവുകാരനായ മാർ ഈവാനിയോസ് (St. John Chrysostom) (407) വി: അത്താനാസിയോസ് (373) ചരിത്രകാരനായ യൗസേബിയോസ് എന്നിവരും (340) എ.ഡി 397-ൽ കാർത്തേജിൽ കൂടിയ സുന്നഹദോസും ഈ ലേഖനത്തെ പൗലോസിന്റെ 14 ലേഖനങ്ങളിൽ ഒന്നായി കാണുന്നു. അതുകൊണ്ടാണ് ഈ ലേഖനത്തിൽ നിന്നും ശ്ലീഹാവായനയുണ്ടാകുമ്പോൾ പ. പൗലോസ് ശ്ലീഹാ എബ്രായർക്ക് എഴുതിയ ലേഖനത്തിൽ നിന്നും ആഹായ് ബാറേക്ക്മോർ എന്ന് വായിക്കുന്ന ആൾ പ്രഖ്യാപിക്കുന്നത് (ശ്ലീഹാ എന്നോ അപ്പോസ്തലൻ എന്നോ ഏതെങ്കിലും ഒന്നുപയോഗിച്ചാൽ മതിയാകും. രണ്ടും അയക്കപ്പെട്ടവൻ എന്നർത്ഥമുള്ള

A Train to Pakistan എന്ന നോവലെഴുതിയത് ?
ഖുശ്വന്ത്സിംഗ്

സമാനപദങ്ങളാണ്).

**എഴുതപ്പെട്ട കാലം**

എ.ഡി.67 നും 70 നും ഇട യ്ക്കാകാമെന്നു പണ്ഡിതമതം. ക്രൈസ്തവ സഭയ്ക്ക് വളരെയേറെ പീഡനങ്ങൾ സഹിക്കേണ്ടിവന്ന കാലഘട്ടമാണ്. നീറോചക്രവർത്തി യേപ്പോലുള്ള അതിക്രൂരരായ ഭരണാധികാരികളുടെ മനുഷ്യ ത്വരഹിതമായ ഉപദ്രവങ്ങൾ അസ ഹനീയമായിരുന്നു. തൽഫലമായി വിശ്വാസം പരിത്യജിക്കപ്പെടുമോ എന്നുപോലും ആശങ്കപ്പെട്ടിരുന്നു. ഈ വിപൽസന്ധിയിൽ വിശ്വാസി കളെ ധൈര്യപ്പെടുത്തുന്നതിനും വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും എഴുതപ്പെട്ട ലേഖനമാണിത്.

(1) ക്രിസ്തു, ദൈവത്തിന്റെ പൂർണ്ണ മായ വെളിപാട് (1:1-3)
(2) ക്രിസ്തു, മാലാഖമാരേക്കാൾ മഹോന്നതൻ (1:4-2:8)
(3) ക്രിസ്തു, മോശേയക്കാളും യോശുവായേക്കാളും ഉന്ന തൻ (3:1-4:13)
(4) ക്രിസ്തുവിന്റെ അതുല്യമായ പൗരോഹിത്യം (4:14-7:285)
(5) ക്രിസ്തുവിന്റെ ഉടമ്പ ടിയുടെ ശ്രേഷ്ഠത (8:1-9:28)
(6) ക്രിസ്തുവിന്റെ പരമബലി യുടെ മഹത്വം (10:1-39)
(7) വിശ്വാസം- പരമപ്രധാനം ( 11:1-12:29)
(8) ദൈവത്തിനുഹിതമായ സത്കർമ്മങ്ങൾ (13:1-25)

എന്നിവയാണ് പ്രധാന പ്രതി പാദ്യവിഷയങ്ങൾ . ഒപ്പം പൗരോ ഹിത്യം (അദ്ധ്യായം -7) ആരാധ നാലയ സംവിധാനക്രമീകരണം. ആരാധന(അദ്ധ്യായം 9) എന്നിവയും സജീവ ചർച്ചാവിഷയങ്ങളാണ്. ക്രിസ്തുവിന്റെ മഹാപൗരോഹി ത്യം ഈ ലേഖനത്തിലെ മുഖ്യ പ്രമേയമാണ്.

**ക്രിസ്തുവാകുന്ന കണ്ണാടിയിൽ നോക്കി നമ്മുടെ യഥാർത്ഥ രൂപം കാണണം തിരുത്തലുകൾക്ക്, രൂപപ്പെടുത്തലിന് അതുമാത്രമേ ഗുണകരമാകുയുള്ളൂ.**

സഹനത്തിലൂടെ അവസാ നത്തോളം വിശ്വസ്തനായിരുന്ന ക്രിസ്തുവിനെ അനുകരിക്കു വാനുള്ള ആഹ്വാനം നല്കുന്നു. എത്രതന്നെ കഷ്ടതകളും പീഢ നങ്ങളുമുണ്ടായാലും സകലതും സന്തോഷത്തോടെ സഹിച്ച യേശു വിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകുവാനുള്ള പ്രബോധനവും ലേഖനകർത്താവ് നൽകുന്നു. ക്രിസ്തീയ ജീവിത യാത്രയിലുണ്ടാകുന്ന പ്രയാസ ങ്ങളേയും പ്രതിസന്ധികളേയും ഭയന്നുള്ള ഒളിച്ചോട്ടങ്ങളും പിന്മാ റ്റങ്ങളും അപകടകരമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതോടൊപ്പം അവ വിളിച്ചു വരുത്തുന്ന തിക്താ നുഭവങ്ങളും വെളിപ്പെടുത്തുവാൻ മറക്കുന്നില്ല. (6: 4-8 വരേയും, 10:39 ഉം നോക്കുക) നാശത്തിലേക്ക് പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, പ്രത്യുത വിശ്വസിച്ചും സഹിച്ചും ജീവരക്ഷപ്രാപിക്കുന്നവരുടെ കൂട്ട ത്തിലാകണം എന്നൊരു ഓർമ്മപ്പെ ടുത്തലുണ്ട്. സാന്ത്വനത്തിന്റെയും ധൈര്യപ്പെടുത്തലിന്റെയും ശബ്ദം ശക്തമാണ് ഈ ലേഖനത്തിൽ.

**യേശുവിനെ നോക്കുക.**

എബ്രായർ : 3:1 ൽ പറയുന്നു, "യേശുവിനെ ശ്രദ്ധിച്ചു നോക്കുക" എന്ന്.

"New International Version ( N.I.V) പറയുന്നു. 'Fix your thoughts on Jesus' (നിങ്ങളുടെ ചിന്തകളെ ക്രിസ്തു വിൽ ഉറപ്പിക്കുക) യേശുവിനെ ശ്രദ്ധിച്ചു നോക്കണം.

John Paul II മാർപാപ്പ പറഞ്ഞു. " The christians are called to consider the face of Christ" ക്രിസ്തു വിന്റെ മുഖം പരിഗണിക്കുവാൻ വിളിക്കപ്പെട്ടവരാണ് ക്രിസ്ത്യാ നികൾ.

**യേശുവിന്റെ വ്യത്യസ്ഥ മുഖങ്ങൾ " Different Faces of Jesus"**

ബഹു. റ്റി.ജെ. ജോഷ്വ അച്ചന്റെ 100 പ്രസംഗങ്ങൾ എന്ന ഗ്രന്ഥ ത്തിൽ യേശുവിന്റെ നാലുമുഖ ങ്ങളെ കുറിച്ചു പറയുന്നുണ്ട്.

(1) പ്രസന്നമുഖം
(2) കാരുണ്യത്തിന്റെ മുഖം
(3) സഹനത്തിന്റെ മുഖം
(4) ധൈര്യദൃഢനിശ്ചയമുഖം

"എന്റെ മുഖം അമ്പേഷിപ്പീൻ എന്നു നിങ്കൽ നിന്നും കല്പന വന്നു എന്ന് എന്റെ ഹൃദയം പറയുന്നു. കർത്താവേ ഞാൻ നിന്റെ മുഖം അമ്പേഷിക്കുന്നു. നിന്റെ മുഖം മറയ്ക്കരുതേ." (സങ്കീർത്തനങ്ങൾ : 27:8) ഇതിന്റെ ചുവടുപിടിച്ച് കൊണ്ട് പ:പിതാക്കന്മാർ എഴുതി.

"ദൈവമേ ഞാൻ നിന്റെ സന്നി ധിയിൽ കാണപ്പെടുമ്പോൾ നിന്റെ തിരുമുഖം എന്നിൽ നിന്നും മറ യ്ക്കരുതേ. ദൈവമേ മനുഷ്യരുടെ രഹസ്യ കാര്യങ്ങളേയും പരസ്യ കാര്യങ്ങളേയും നീ ന്യായം വിസ്ത രിക്കുന്ന ദിവസത്തിൽ എന്നിൽ നിന്നും നിന്റെ തിരുമുഖം മാറ്റി ക്കളയരുതേ... " (പാമ്പാക്കുട നമസ്കാരം ചൊവ്വാ രാത്രി 3-ാം കൗമാ)

മുഖം മനസ്സിന്റെ കണ്ണാടി (Face is the index of the heart.) എന്നു പറയാറുണ്ടല്ലോ. യേശുവിന് എത്ര മുഖങ്ങളുണ്ട്?. ബഹു. ജോഷ്വാ അച്ചൻ പറഞ്ഞതു കൂടാതെ ഏതാനും മുഖഭാഗങ്ങൾ കൂടി സൂചിപ്പിക്കട്ടെ.

കേരളത്തിലെ ആദ്യത്തെ റെയിൽവേ ലൈൻ ഏതാണ് ?
തിരൂർ- ബേപ്പൂർ

**(1) കരയുന്ന മുഖം (The weaping Face, Lamenting or mourning face.)**

നല്ല ഉദാഹരണം.

(a)ലാസറിന്റെ കല്ലറയ്ക്കൽ. സുവിശേഷകന്റെ ഭാഷയിൽ പറഞ്ഞാൽ യേശു കണ്ണുനീർ വാർത്തു (Jesus wept) (യോഹ11:35) വേദപുസ്കത്തിലെ ഏറ്റവും ചെറിയ വാക്യം. കരയുന്നവരോടൊപ്പം കരയുന്ന കത്താവിന്റെ മുഖം. സ്നേഹമുള്ളവരുടെ വേദന തന്റെയും വേദനയായി മാറുന്നു. അവരുടെ വേദനയിലെ ഏകീകരണഭാവം. മറ്റുള്ളവരെക്കുറിച്ചുള്ള സ്നേഹവും വാത്സല്യവും ആത്മാർത്ഥതയും ഉള്ളിൽ നിറയുമ്പോഴുണ്ടാകുന്ന ഭാവം.

(b)ലാസറിന്റെ കല്ലറയ്ക്കൽ മാത്രമല്ല യെരുശലേം ദേവാലയത്തെ നോക്കി കരയുന്ന ഭാഗവും സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. (വി. ലൂക്കോസ് 19: 41-42). ദേവാലയങ്ങൾ യേശുവിന് കരയുവാനുള്ള ഇടങ്ങളാകരുത്. ജനത്തിന് കരയുവാനുള്ള ഇടം, മറ്റു പലതിനുമുള്ള ഇടമാകുമ്പോൾ കരയുന്നത് യേശുവാണ്.

**2.ദേവാലയശുദ്ധീകരണവേളയിലെ യേശുവിന്റെ മുഖം - രോഷാകുലമായ മുഖം (The Angry face / The Resent face).**

ആരാധനാലയങ്ങൾ വ്യാപാരശാലകളാകുമ്പോഴുള്ള യേശുവിന്റെ മുഖം. ദേവാലയശുദ്ധീകരണത്തെക്കുറിച്ച് നാലുസുവിശേഷകന്മാരും പറയുന്നുണ്ടെങ്കിലും വി. യോഹന്നാൻ മാത്രമേ ചമ്മട്ടിയുണ്ടാക്കിയ കാര്യം പറയുന്നുള്ളൂ. നീതി, സ്നേഹം, കരുണ, കരുതൽ ഇവയുടെ കേന്ദ്രമായിരിക്കേണ്ടിടം, ഘടകവിരുദ്ധകാര്യങ്ങളുടെ കേന്ദ്രമാകുമ്പോഴുണ്ടാകുന്ന മുഖഭാവം. ദേവാലയങ്ങൾ യേശുവിന് ചമ്മട്ടി എടുക്കുവാനുള്ള ഇടം ആക്കരുത്.

**(3) വേദനപ്പെടുന്ന മുഖം. (The sorrowful face. Face of grief, affliction or sorrow)**

(വി.മത്തായി: 26:36 മുതൽ) വിയർപ്പ് രക്തമായി മാറുന്ന സാഹചര്യം. "എന്റെ ഉള്ളം മരണവേദന പോലെ അതിദു:ഖിതമായിരിക്കുന്നു" എന്നു പ്രഖ്യാപിക്കുമ്പോൾ വേദനയുടെ തീവ്രതബോദ്ധ്യമാകും. കൂടെകൂട്ടിയ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരുടെ നിസ്സംഗതയും നിസ്സഹകരണവും ഒക്കെ സൃഷ്ടിക്കുന്ന വേദനയുടെ തീവ്രത.

**(4) ദയനീയമായ മുഖഭാവം (The Pathetic Face)**

തള്ളിപറഞ്ഞ പത്രോസ് കണ്ട യേശുവിന്റെ മുഖഭാവം (വി. ലൂക്കോസ് 22: 54-65) യേശു നല്കിയ മുന്നറിയിപ്പുകളെ, സൂചനകളെ, ഓർമ്മപ്പെടുത്തലുകളെ അവഗണിക്കുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങൾ, തീയ്ക്കരികെയിരുന്നു, ശരീരത്തിന് ചൂടുപിടിക്കുമ്പോൾ, അവഗണിക്കുന്ന, മറന്നുപോകുന്ന, തള്ളിക്കളയുന്ന സൂചനകൾ, നിസ്സാരവത്ക്കരിക്കുന്ന ഓർമ്മപ്പെടുത്തലുകൾ... പത്രോസിനെ നോക്കിയ യേശുവിന്റെ ദയനീയഭാവമുഖം പത്രോസ് കണ്ടു. തുടർപടിയായി മൂന്നുകാര്യങ്ങൾ നടക്കുന്നു **(1) Peter remembered the word of the Lord...... (2) went out (3) wept bitterly. (ലൂക്കോ : 22:61-62)** കർത്താവു തന്നോട് പറഞ്ഞ വാക്കോർത്ത് പുറത്തിറങ്ങി അതി ദുഃഖത്തോടെ കരഞ്ഞു. പത്രോസ് രക്ഷപ്പെട്ടതും യൂദാസ് രക്ഷപ്പെടാതെ പോയതും വിലയിരുത്തണം.

വിസ്താര ഭയത്താൽ യേശുവിന്റെ ഒരു മുഖഭാവം കൂടി സൂചിപ്പിച്ചവസാനിപ്പിക്കുകയാണ്.

**(5) ആത്മവിശ്വാസത്തിന്റെ നിർഭയമുഖം അഥവാ ധൈര്യ ഭാവമുള്ള മുഖം (The bold face or the Courageous face)** (വി: മത്തായി: 26: 36-46) .

ഇതും കാണുന്നത് ഗത്സമനയിലാണ്. കാസാനീങ്ങിക്കിട്ടാൻ പ്രാർത്ഥിച്ചു. മൂന്നുപ്രാവശ്യം പ്രാർത്ഥിച്ചു. ഒരേ ആവശ്യം തന്നെ ആവർത്തിച്ചു. അവസാനം ബോദ്ധ്യമായി ഇതു നീങ്ങുവാനുള്ളതല്ല നിവർത്തിക്കുവാനുള്ളതാണെന്ന്. ഈ ബോദ്ധ്യത്തോടെ ധൈര്യപൂർവ്വം മടങ്ങി വന്ന് ശിഷ്യരോട് പറയുന്നു, "എഴുന്നേല്പീൻ നമുക്ക് പോകാം" (വാക്യം 46) എങ്ങോട്ട്? ക്രൂശിലേക്ക്, സഹനത്തിലേക്ക് , ദൈവഹിതത്തിന്റെ നിറവേറ്റലിലേക്ക് എല്ലാം ദൈവഹിതത്തിന് സമർപ്പിക്കുന്നതിലൂടെ ലഭിക്കുന്ന സമാധാനപൂർവ്വമായ ധൈര്യം നല്കുന്ന അനുഭവം.

ക്രിസ്തുവാകുന്ന കണ്ണാടിയിൽ നോക്കി നമ്മുടെ യഥാർത്ഥ രൂപം കാണണം. തിരുത്തലുകൾക്ക്, രൂപപ്പെടുത്തലിന് അതുമാത്രമേ ഗുണകരമാകുകയുള്ളൂ. ഏറെ പ്രതീക്ഷയോടും പ്രാർത്ഥനയോടും തെരഞ്ഞെടുത്തിരിക്കുന്ന ഈ വിഷയം അർഹിക്കുന്ന പ്രാധാന്യം നൽകി പഠിച്ച് ഒരു അനുഭവമാക്കിത്തീർക്കുവാൻ ഏവരും ശ്രമിക്കണെമെന്ന് സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. പ. പൗലോസ് തനിക്ക് പ്രിയനും സഹപ്രവർത്തകനുമായ ഫിലോമോനോട് ആവശ്യപ്പെടുന്നു. "അതേ സഹോദരാ, നിന്നെ കൊണ്ട് എനിക്ക് കർത്താവിൽ ഒരുനുഭവം വേണ്ടിയിരിക്കുന്നു." (വാക്യം 20) വാത്സല്യകുഞ്ഞുങ്ങളെ സഹപ്രവർത്തകരെ ഇതിനപ്പുറത്തൊന്നും എളിയവനായ എനിക്കും എഴുതാനില്ല. **"നിന്നെക്കൊണ്ട് ക്രിസ്തുവിൽ അനുഭവം"** ....... ആമ്മേൻ.

❖

സാധാരണ ജനങ്ങൾക്ക് മുഴുവൻ എയർകണ്ടീഷൻ ചെയ്ത ട്രെയിനുകളിൽ സഞ്ചരിക്കുന്നതിന് അവസരം നൽകുന്നതിനായി രൂപകല്പന ചെയ്ത ട്രെയിനുകളാണ് ?
ഗരീബിരഥ് (പദ്ധതി ആരംഭിച്ചത് 2005ൽ)

# നോമ്പ്



പത്തുദിവസം കഴിഞ്ഞശേഷം അവരുടെ മുഖം രാജഭോജനം കഴിച്ച് വന്ന സകലബാലന്മാരുടെതിലും അഴകുള്ളതും അവർ മാംസ പുഷ്ടിയുള്ളവരും എന്ന് കണ്ടു. (ദാനി: 1:15)



**ഫാ. വർഗീസ് ടി.വർഗീസ്, അഞ്ചൽ**
**(വൈസ് പ്രസിഡന്റ്, ഒ.സി.വൈ.എം)**

**ഞാൻ**
**എന്നെ**
ഇത്തിരി
മാറ്റിയാൽ മതി
വളരെ
വേദനിച്ചിട്ടാണെങ്കിലും
ഏറെ
വൈശിഷ്ട്യമുണ്ടാകും

നോമ്പിന്റെ അഴകിനെ അവർണ്ണനീയമാക്കുന്ന നാല് ബാലന്മാർ ഇവിടെയുണ്ട്. നെബുക്കദ്നേസറിന്റെ രാജധാനിയിലെ പരിചാരകരാകാൻ നിയോഗിതരായവർ, രാജ ഭോജനം തങ്ങളിൽ നിന്ന് നീക്കിവച്ച് ശാകപദാർത്ഥവും പച്ചവെള ളവും തങ്ങളോട് ചേർത്തുവെച്ചവർ; യുവാക്കളാണവർ. കഴിഞ്ഞ പത്ത് ദിവസം തീവ്രനോമ്പനുഷ്ഠിച്ച യുവാക്കൾ. അവരെ ഒന്നു നോക്കുക, അവരുടെ നോമ്പ് പാഠങ്ങൾ എന്തൊക്കെയെന്നറിയുക.

**(1) ദൈവതേജസ്സ്**

കഠിനവ്രതം അഴകിന്റെ ആധിക്യത്തിലേക്കാണ് വിരൽ ചൂണ്ടു ന്നത്. നോമ്പിന് അഭൗമീകമായൊരു സൗന്ദര്യം ഉണ്ടല്ലോ, അത് നോമ്പിന് മാത്രമല്ല നോമ്പനുഷ്ഠിക്കുന്നവർക്കും ഉണ്ട്. അത് കൊണ്ടല്ലേ താബോറിൽ നാൽപത് ദിവസം നോമ്പെടുത്തവരുടെ യോഗത്തിൽ ഒരലക്കുകാരനും അലക്കി വെളുപ്പിക്കാനാത്ത വെൺമ വെളിപ്പെടുന്നത്. അങ്ങനെയെങ്കിൽ ഓരോ നോമ്പും ജീവിതത്തിന്റെ ജീർണ്ണതയിൽ നിന്ന് ജീവന്റെ തേജസ്സിലേക്കുള്ള ദിവസങ്ങളല്ലേ.

മിന്നാമിനുങ്ങുകൾ കൂട്ടമായി പകൽ മുഴുവൻ ഒരുക്കത്തോടെ കാത്തിരിക്കുന്നത് എന്തിനെന്നോ?. രാത്രിയിൽ ഒന്നു തെളിയാൻ. രാത്രിയിൽ ഒരുമിച്ച് തെളിയുമത്രേ. ഇത് സത്സംഘമെന്ന് ബുദ്ധ



ഇന്ത്യൻ റെയിൽവേയുടെ പ്രധാന ലോക്കോമോട്ടീവ് നിർമ്മാണ യൂണിറ്റ് ഏതാണ്?
ചിത്തരഞ്ജൻ ലോക്കോമോട്ടീവ് വർക്സ്- ചിത്തരഞ്ജൻ (വെസ്റ്റ്ബംഗാൾ)

ഭാഷ്യം. ആ സമ്മേളനത്തിന് എന്തൊരഴകാണ്. എന്തൊരു തേജസ്സാണ്.

ഒരുക്ക(നോമ്പ്)ത്തോടെ ഒരുമിച്ച് ചേർന്നപ്പോൾ ദേ ഇവിടെയും ഈ ചെറുപ്പക്കാരിലും ആ വല്ലാത്തൊരഴക്; അഥവാ നോമ്പിന്റെ അനിർവചനീയമായ ചൈതന്യം. ഇതിനെയല്ലേ ദൈവതേജസ്സ് എന്നു വിളിക്കുന്നത്.

**(2) ജ്ഞാന നൈപുണ്യം**

ജീവിക്കുകയെന്നാൽ തിരിച്ചറിവിന്റെ പാഠം ശീലിക്കുകയെ



ന്നാണ്. വേണ്ടുന്നതിനെ സ്വീകരിക്കാനും വേണ്ടാത്തതിനെ തിരസ്കരിക്കാനുമുള്ള അറിവ്, ജ്ഞാനം. ഇത് തന്നെയല്ലേ നോമ്പിലും. ലോകത്തിൽ ഏറ്റവുമധികം സംസാരിക്കുന്ന ആംഗലേയപദമാണല്ലേ. Yes ഉം No ഉം ഇവിടെ ഈ യുവാക്കളും നോമ്പനുഷ്ഠാനത്തിലൂടെ പറഞ്ഞ് പഠിപ്പിക്കുന്നതും ഇതു തന്നെയാണ്. തന്മൂലം അവർ വിദ്യയിലും ജ്ഞാനത്തിലും നിപുണതയും സാമർത്ഥ്യവും (ദാനി:1:7) ഉള്ളവരായി.

ജീവശാസ്ത്രത്തിൽ Cognition എന്നൊരു പദമുണ്ട്. പരിസരങ്ങളെ തിരിച്ചറിയുന്നതിനുള്ള കഴിവിനെ വിളിക്കുന്ന പേരാണിത്. സാധാരണയായി തലച്ചോറില്ലാത്ത ജീവികളുടെ ജീവന സ്ഥിതിയെ സൂചിപ്പിക്കാനാണ് ഇതുപയോഗിക്കുന്നത്. അങ്ങനെയെങ്കിൽ തലച്ചോറില്ലാത്ത ജീവിക്ക് പോലും പരിസരങ്ങളെ തിരിച്ചറിയാനാകുമെങ്കിൽ ബുദ്ധി കൂർമ്മതയ്ക്കപ്പുറം തിരിച്ചറിവിന്റെ സാമർത്ഥ്യമാണ് മനുഷ്യനാവശ്യം. ഈ ജ്ഞാന നൈപുണ്യമാണ് ദാനിയേൽ, ഹനന്യാവ്, മിഖായേൽ, അസര്യാവ് എന്നീ യഹൂദപുരോഹിതന്മാർ നോമ്പിന്റെ തീവ്രതയിലൂടെ പ്രബോധിപ്പിക്കുന്നത്.

**(3) വിശിഷ്ട വ്യക്തിത്വം**

വിശേഷമായ ശിഷ്ടതയുള്ളവരാണ് വിശിഷ്ടർ. വിശുദ്ധമായ ശിഷ്ടങ്ങളുള്ളവർ എന്ന് മറ്റൊരു വ്യാഖ്യാനം. ഇവരിവിടെ സകലരിലും പത്തിരട്ടി വിശിഷ്ടർ (ദാനി 1:20) നോമ്പിന്റെ ദിനങ്ങൾ അവരെ രാജസന്നിധിയിലും ഒപ്പം ദൈവസന്നിധിയിലും വിശിഷ്ടരാക്കി.

ലോകത്തിലെ ഏറ്റവും വിശിഷ്ട വസ്തുവാണ് വജ്രം. മാലിന്യമില്ലാത്ത ഉൾക്കാമ്പാണ്. കൽക്കരിയുടെ തന്മാത്രാ ഘടനയിൽ ഒരല്പം മാറ്റം വരുത്തിയാൽ വജ്രമാകുമെന്നാണ് രസതന്ത്ര ഭാഷ്യം. ഞാൻ എന്നെ ഇത്തിരി മാറ്റിയാൽ മതി വളരെ വേദനിച്ചിട്ടാണെങ്കിലും ഏറെ വൈശിഷ്ട്യമുണ്ടാകും. പവിത്രമായ നിഷ്ഠകളുടെ ഉൾക്കാമ്പ് എന്തിനേയും മുറിക്കാൻ വജ്രത്തിന് ശക്തി പകരുന്നത് പോലെ ഏത് അശുദ്ധതയേയും മുറിച്ച് തള്ളാൻ മനുഷ്യനെ പ്രാപ്തനാക്കും. നോമ്പ് ചില ചെറിയ വേദനകൾ, നല്കിയാലും നമ്മെ വിശിഷ്ടരാക്കും.

**ഉപസംഹാരം**

നോമ്പ് എന്ന പദത്തിന്റെ ആന്തരീകാർത്ഥം ഇന്നും വ്യക്തമല്ല എന്ന് ഭാഷാപണ്ഡിതർ. എന്നാൽ വ്യഖ്യാനങ്ങളേറെയുണ്ട് താനും. നോവും (മനുഷ്യന്റെ) അൻപും (ദൈവത്തിന്റെ) കൂടിച്ചേരുമ്പോഴാണ് നോമ്പ് എന്ന് ഒരു വ്യാഖ്യാനം. നോമ്പിലൂടെ ചില ചെറിയ നോവുകൾ മനുഷ്യനുണ്ടാകുമ്പോൾ ദൈവ ത്തിന്റെ അൻപ് മനുഷ്യന്റെ മേലുണ്ടാകും. ഇതാണ് ഈ യഹൂദപുത്രന്മാരുടെ നോമ്പ് പാഠം മനുഷ്യനോട് സംവേദിക്കുന്നത്. ഇതുതന്നെയാകട്ടെ നമ്മുടെ നോമ്പും.

❖



കൊങ്കൺ റെയിൽവേ ലൈനിലെ ഏറ്റവും നീളം കൂടിയ തുരങ്കം ?
ബർബുഡേ(6500 മീറ്റർ)



# വൈരാഗ്യം



**ഫാ. സഖറിയ നൈനാൻ (സഖേർ)**
ചീഫ് എഡിറ്റർ മലങ്കര സഭാമാസിക

നോമ്പുകാലമാണ് :- വൈരാഗ്യം പാടില്ല എന്നാണ് പൊതുവേ പറയുക. എന്നാൽ വ്രതകാലത്തൊക്കെ കുറേക്കൂടി കഠിനമായ വൈരാഗ്യം പുലർത്തണമെന്നാണ് ആചാര്യന്മാർ നിഷ്കർഷിക്കുക. ആത്മസാക്ഷാത്ക്കാരത്തിനുള്ള ആദ്ധ്യാത്മക്ലേശത്തിലേർപ്പെടുന്ന സാധകന്റെ ഗുണവിശേഷങ്ങൾ നാലെണ്ണമാണ്. ഒന്നാമത്, നിത്യാനിത്യവസ്തുവിവേകം നിത്യമായത് ഏത് അനിത്യമായത് ഏത് എന്ന് തിരിച്ചറിയാനുള്ള വിവേചനബുദ്ധി. ഐഹികമായി കണ്ടുമുട്ടുന്നവയെല്ലാം അസ്ഥിരവും പരിണാമവിധേയവുമാകയാൽ നിത്യമായവയെ തേടുവാനുള്ള ബോധം ആർജ്ജിക്കുക. സാധകന്റെ രണ്ടാമത്തെ ഗുണവിശേഷമാണ് നാം ആദ്യം പറഞ്ഞ വൈരാഗ്യം. എന്താണ് വൈരാഗ്യം? ഇഹസ്വർഗ്ഗ ഭോഗേഷു ഇച്ഛാരാഹിത്യം എന്നാണുത്തരം. ഇഹലോകത്തിലും പരലോകത്തിലും ദോഷങ്ങൾ

ജവഹർലാൽ നെഹ്റുവിന്റെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ച ട്രെയിൻ ?
ശതാബ്ദി എക്സ്പ്രസ്സ് (1989 ജൂലൈയിൽ)

**ശരിക്കും ലോകം അറിയുന്ന എന്നെയാണോ അതോ ദൈവം അറിയുന്ന എന്നെയാണോ എനിക്ക് കൂടുതൽ പരിചയം എന്നൊരു ചോദ്യം അവനവനോടുയർത്താനുള്ള ഏറ്റവും നല്ല നേരമാണ് നോമ്പുകാലം.**

അനുഭവിച്ച് സുഖമാസ്വദിക്കണമെന്ന ആശ ഇല്ലാതിരിക്കലാണ് വൈരാഗ്യം. കിട്ടിയതിനെ സംരക്ഷിക്കാനുള്ള വ്യഗ്രതയും കിട്ടാത്തതിനെക്കുറിച്ചുള്ള ഒടുങ്ങാത്ത ആസക്തിയും ഉപേക്ഷിക്കയാണത്രേ വൈരാഗ്യം. എന്നാൽ ഈ ലോകജീവിതത്തിൽ ഇതത്ര അനായാസമല്ല. ഇളകിമറിയുന്ന സംസാരസാഗരത്തെ വിചാരമെന്ന നൗക കൊണ്ട് മുറിച്ചു കടക്കണമെന്നാണ് ഗുരുമൊഴി. യേശു പറഞ്ഞത് ധ്യാനിക്കുക. “You are in the world, but not of the world” ലോകത്തിനുള്ള എന്ന് തീർച്ചപ്പെടുത്തിയിട്ടുണ്ട്. വള്ളത്തിന് പോകാൻ സ്ഥലം വേണം. പക്ഷേ വള്ളത്തിൽ വെള്ളം കറിയാൽ അതും മുങ്ങിപോകുമെന്ന് ആർക്കാണറിയാൻ വയ്യാത്തത്. നിർഭാഗ്യവശാൽ നമ്മുടെ പല അറിവുകളും അനുഭവമാകില്ല എന്നൊരു ദുരൂഹത നമ്മെ വല്ലാതെ ചൂഴ്ന്നുണ്ട്. സുഖാന്വേഷണങ്ങളുടെ വ്യഗ്രതയിൽ വൈരാഗ്യം നമുക്കിടയിൽ അർത്ഥവിലോപം വന്ന പദമായിത്തീരുന്നു. കേവലം പകയും സ്പർദ്ധബുദ്ധിയും നിരോധിക്കുന്നു. ഒരു പക്ഷേ, ലോകം വല്ലാതെ നമുക്കുള്ളിൽ തിങ്ങുന്നത് കൊണ്ടാവും പലപ്പോഴും വല്ലാത്തൊരു നിലയില്ലായ്മ വൈയക്തിവും സാമൂഹികവുമായ നമ്മുടെ ജീവന പരിസരങ്ങളിൽ നാം നേരിടേണ്ടി വരുന്നത്. ഇവിടെ പിടിച്ചു കയറാനുള്ള മഹായാനമാണ് വിചാരം. അഥവാ ഈശ്വരവിചാരം, സംസാരസാഗരത്തിൽ നാമുഴലുന്നത് ചിലപ്പോൾ ചില വെറും വാക്കുകൾ കൊണ്ടു പോലുമാകാം. കാരണം ലോകാഭിപ്രായമാണ് സ്വയം വിലയിരുത്താൻ നമ്മെപ്പോലും സ്വാധീനിക്കുന്ന പ്രധാനഘടകങ്ങളിലൊന്ന്. മറക്കരുത്, മനുഷ്യനിൽ നിന്നുള്ള ബഹുമാനം അന്വേഷിക്കുകയും ദൈവത്തിൽ നിന്നുള്ള ബഹുമാനം തേടാതിരിക്കുകയും ചെയ്യുന്നവരോട് യേശു കലഹിക്കുന്നുണ്ട്. ശരിക്കും ലോകം അറിയുന്ന എന്നെയാണോ അതോ ദൈവം അറിയുന്ന എന്നെയാണോ എനിക്ക് കൂടുതൽ പരിചയം എന്നൊരു ചോദ്യം അവനവനോടുയർത്താനുള്ള ഏറ്റവും നല്ല നേരമാണ് നോമ്പുകാലം. ഒരു സുഭാഷിതം പോലെ, നിന്റെ മിത്രങ്ങളും ശത്രുക്കളും നിന്നെപ്പറ്റി പറയുന്നതാണ് എന്നാണ് നിന്റെ ധാരണയെങ്കിൽ തീർച്ചയായും നിനക്ക് നിന്നെ അറിയില്ല. സ്നേഹിതാ, ഓരോ നോമ്പുകാലവും നിന്റെ അവസരങ്ങളാണ്. നിന്റെ നിലപാടുകൾക്കും മനോഭാവങ്ങൾക്കും ഒരു ക്രിസ്തുഛായയുണ്ടോ എന്ന് വെളിപ്പെടുത്താനുള്ള സുവർണ്ണാവസരങ്ങൾ നിനക്കതിൽ ഉറച്ച് നില്ക്കാനുള്ള ആത്മബലമുണ്ടെന്ന് പറയാതെ പറയാനാവുന്ന വെടിപ്പിന്റെ നാളുകൾ. ❖

**യുവജനം മാസിക പ്രസിദ്ധീകരണത്തിന് കഴിഞ്ഞകാലങ്ങളിൽ നേതൃത്വം നൽകിയവരോടുള്ള നന്ദി അറിയിക്കുന്നു.**



**ഫാ. എൽദോ കുര്യാക്കോസ്**
**(ചീഫ് എഡിറ്റർ)**



**ഫാ. തോമസ് ജോർജ്ജ്**
**മാനേജിംഗ് എഡിറ്റർ**



**എബി ഏബ്രഹാം കോശി**
**(ബോർഡ് മെമ്പർ)**



**അനീഷ് കോശി മാരാമൺ**
**(ബോർഡ് മെമ്പർ)**



ഡീസൽ ലോക്കോമോട്ടീവ് വർക്സ് എവിടെ സ്ഥിതി ചെയ്യുന്നു ?
വാരാണസി

# നോവുള്ള അൻപ്
# നോമ്പ്




**മിന്റു മറിയം വർഗീസ്**
**കേന്ദ്ര എക്സിക്യൂട്ടീവ് കമ്മറ്റിയംഗം**

*Fasting Cleaneses the soul, raises the mind,*
*subjects one's flesh to the spirit. St. Thomas Aquinas.*



ഭക്തിയുടെ വിശുദ്ധിയുടെ നിഷ്ഠയുടെ ശക്തിയാണ് നോമ്പിൽ വെളിപ്പെടുന്നത്. ഇത്തരത്തിൽ നോമ്പിനെ സമീപിക്കുമ്പോൾപുണ്യംനേടുവാനുംകൊടുക്കുവാനുമുള്ള അവസരമായി നോമ്പ് മാറുന്നു. നൂതന സാങ്കേതിക വിദ്യകൾ ഉപ യോഗിച്ചു ജീവിതത്തിന്റെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ അശ്രാന്തപരിശ്രമം നടത്തുകയാണ് നമ്മുടെ ആധുനിക തലമുറ. ക്രിസ്തുവിലേക്കിറങ്ങാതെ ക്രിസ്തുവിനെ ഇറക്കുവാൻ ശ്രമി ക്കുന്ന നമ്മുടെ തലമുറയ്ക്ക് നോവുള്ള അൻപായി നോമ്പുകാ ലഘട്ടം മാറണം. യുവത്വം എന്നും പ്രതീക്ഷയുടെ കാലഘട്ടം ആണ്. മനസിൽ നിന്നും കരുതലിന്റെയും അൻപിന്റെയും ഭാവം മാറ്റിനിർത്തിയിട്ടില്ലാത്ത യുവതയുടെ മുഖം പ്രളയകാലഘട്ടം കാണിച്ചു തന്നുകഴിഞ്ഞു. അതുകൊണ്ട് തന്നെ നമ്മിൽ നിന്ന് നഷ്ടം വന്നിട്ടില്ലാത്ത ക്രിസ്തുഭാവത്തെ കൂടുതൽ നന്മയോടെ പ്രതിഫലിപ്പിക്കാൻ നോമ്പ് കാലഘട്ടം വിനിയോഗിക്കാം. പ്രധാനമായും രണ്ടു ചിന്തകൾ പങ്കുവെയ്ക്കുവാനാഗ്രഹിക്കുന്നു.

**1) പരീക്ഷണങ്ങളിലൂടെ ഉള്ളിലെ ദൈവിക ചൈതന്യത്തെ പുതുക്കുവാനുള്ള കാലം**

നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ (യാക്കോബ് 1:2:3). പരീക്ഷണങ്ങളുടെയും കൂടി കാലഘട്ടമാകുന്നു നോമ്പ്. ദൈവപുത്രനു പോലും നോമ്പ് ഉപവാസങ്ങളിൽ നേരി ടേണ്ടി വന്നിരിക്കുന്നതും ഇതേ പരീക്ഷണങ്ങൾ തന്നെയാണ്.

ദൈവത്തിൽ നിന്ന് ധാരാളം നന്മൾ കൈകൊള്ളുന്നതി നോടൊപ്പം നമ്മുടെ ദൈവികചൈതന്യത്തെ സ്ഫുടം ചെയ്തെ ടുക്കുവാൻ പാകത്തിന് പരീക്ഷണങ്ങളെ കൂടി ഉൾകൊള്ളുവാൻ മനസിനെ പാകപ്പെടുത്തേണ്ടതായുണ്ട്.

വി.വേദപുസ്തകത്തിലുടനീളം മൗനമായി പ്രാർത്ഥനാ നിരതരായി കഷ്ടതകൾ ഏറ്റുവാങ്ങുന്ന വിശുദ്ധന്മാർ അനവധി

ലോകത്തിലെ ഏറ്റവും നീളം കൂടിയ റെയിൽവേ പ്ലാറ്റ് ഫോം ?
ഖരഗ്പൂർ ബംഗാൾ

യാണ്. ലോകം പ്രസ്താവിച്ചു വച്ചിരിക്കുന്ന രീതിയിൽ സുഖകരമല്ല അവരുടെ ജീവിതം എങ്കിലും ആത്മീയ പോഷണം വേണ്ടുംവിധം നേടി ദൈവിക അനുഭവത്തിലേക്കുയരുവാൻ അവർക്ക് സാധിച്ചു. കാലത്തിനപ്പുറം ഇന്ന് നമുക്ക് മുന്നിൽ ദൈവിക ചൈതന്യത്തിന്റെ മാതൃകയുമായി നിലകൊള്ളുന്നു.

നമുക്കും നോമ്പ് തിരിച്ചറിവിന്റെ കാലമാകണം. കഷ്ടതയെ ദൈവദാനമെന്ന് കരുതുവാനും ആത്മീയ വളർച്ചയ്ക്കുമുള്ള ഭോജനമായും അതിനെ കാണുവാൻ നമുക്ക് സാധിക്കണം.

**2) ലഭിച്ചിരിക്കുന്ന ദൈവരാജ്യ മൂല്യങ്ങളെ പങ്കുവെയ്ക്കുന്നതിനുള്ള കാലം**

ദൈവരാജ്യമൂല്യങ്ങളെ പങ്കുവെയ്ക്കുക എന്നതാണ് സർവ്വപ്രധാനം. വി. യോഹന്നാൻ സുവിശേഷം 1-ാം അദ്ധ്യായം പരിചയപ്പെടുത്തുന്ന ഫീലിപ്പോസിലും നഥാനിയേലിലും നാം ദർശിക്കുന്നത് ഇതേ ദൈവരാജ്യമൂല്യങ്ങളുടെ പങ്കുവെയ്ക്കലാണ്. താൻ കണ്ടെത്തിയ ക്രിസ്തു എന്ന വെളിച്ചത്തെ തന്റെ സഹോദരനും കൂടി പങ്കുവെയ്ക്കുവാൻ ഫീലിപ്പോസിന് സാധിക്കുന്നു. നോമ്പിന്റെ അനുഭവം നമുക്കും പകർന്ന് തരേണ്ടത് പങ്കുവെയ്ക്കലിന്റെ ഭാവമാണ്.

ദൈവരാജ്യമൂല്യങ്ങളുടെ പങ്കുവെയ്ക്കൽ സാമൂഹിക ഏകീകരണത്തിന്റെ കൂടി മാർഗമാണ്. ധനവാനും ദരിദ്രനും തമ്മിലുള്ള വിടവ് വർദ്ധിക്കുന്നത് തടയുവാനും, സമത്വത്തിന്റെയും നന്മയുടെയും സന്ദേശം പകരുവാനും ഇതുമൂലം സാധിക്കുന്നു. സഹോദരങ്ങളുടെ വേദനകൾക്ക് സാന്ത്വനം പകർന്ന പരിശുദ്ധ പരുമല തിരുമേനിയും മറ്റും ഉദാത്ത മാതൃകകളായി വിളങ്ങുന്നു. ആഗ്നസിൽ നിന്ന് പാവങ്ങളുടെ അമ്മയായ മദർതെരേസയിലേക്കുള്ള ദൂരവും ദൈവരാജ്യമൂല്യങ്ങളുടെ പങ്കുവെയ്ക്കലാണ്.

അതുകൊണ്ട് തന്നെ നമ്മുടെ ആത്മീകവും ഭൗതികവുമായ ജീവിതത്തെ പരിപോഷിപ്പിക്കുന്ന ഇന്ധനമായി പങ്കുവെയ്ക്കലിന്റെ അനുഭവം മാറുന്നു. ഭക്ഷ്യത്തിൽ മാത്രം നോമ്പുള്ളവരാകാതെ പങ്കുവെയ്ക്കലിന്റെ അനുഭവത്തോടെ ശരീരാത്മദേഹിയുടെ വളർച്ച നോമ്പ് നമുക്ക് പ്രദാനം ചെയ്യട്ടെ.

പരീക്ഷണങ്ങളിലൂടെയുള്ള പുതുക്കത്തിന്റെയും പങ്കുവെയ്ക്കലിലൂടെയുള്ള ഉണർവ്വിന്റെയും സമയമായി നമ്മുടെ ഈ വി. നോമ്പ് കാലഘട്ടം തീരട്ടെ. ഒരു നേരത്തെ ഭക്ഷണം വെടിയുന്നതിനോടൊപ്പം സഹോദരന്റെ ഉദരത്തെ ഒരു നേരമെങ്കിലും അന്നം കൊണ്ട് നിറച്ച് അവന്റെ ദൈവമായി നമുക്ക് മാറാൻ കഴിയട്ടെ. അതിലൂടെ ക്രിസ്തുവിന്റെ അനുയായി എന്ന നാമം നമ്മിൽ അന്വർത്ഥമാകട്ടെ. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിയുവിൻ. (യോവേൽ 2:13)

ബാഹ്യമായ പ്രകടനങ്ങൾക്കപ്പുറത്ത് ആന്തരികമായ മാറ്റത്തിന് വി.നോമ്പ് കാരണമായിത്തീരട്ടെ. അതിലൂടെ നോവുള്ള അൻപായി നോമ്പ് മാറട്ടെ... ❖

**വ**ളരെ കുറഞ്ഞ അളവിൽ മദ്യപിക്കുന്നതോ, മദ്യപിക്കാത്തതോ ആയ ആളുകളിൽ കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്ന അവസ്ഥയാണ്. അമിതഭാര മുള്ളവരിലും, പ്രീ ഡയബറ്റിക്, ഡയബറ്റിക് രോഗികളിലും ആണ് ഇത് കണ്ടു വരുന്നത്.

പ്രവർത്തനശേഷി ഭൂരിഭാഗവും നഷ്ടപ്പെട്ടാലും രോഗലക്ഷണങ്ങൾ ഒന്നും പ്രകടിപ്പിക്കാത്ത ഒരു അവയവമാണ് കരൾ. പലപ്പോഴും അവസാന അവസരങ്ങളിൽ മാത്രം ആയിരിക്കും അസുഖം കണ്ടെത്തുന്നത്.

**രോഗലക്ഷണങ്ങൾ**

കരളിന്റെ ഭാഗത്ത് വേദന, ഛർദ്ദി, ദഹനക്കേട്, തളർച്ചയും ക്ഷീണവും, ശരീരഭാരത്തിന്റെ കുറവ്, ത്വക്കിനും മൂത്രത്തിനും, കണ്ണിലും മഞ്ഞനിറം മലവിസർജ്ജനത്തിൽ പ്രശ്നങ്ങൾ, അടിവയർ വീർക്കൽ

**കാരണങ്ങൾ**

ഇറച്ചി വർഗ്ഗങ്ങൾ, ഫാസ്റ്റ് ഫുഡുകൾ മധുരപാനീയങ്ങൾ, പ്രഷർ, ഷുഗർ, കൊളസ്ട്രോൾ പോലുള്ള ജീവിതശൈലീരോഗങ്ങൾ കരൾരോഗങ്ങൾക്ക് കാരണമായേക്കാം. അലോപ്പതി മരുന്നുകളുടെ അമിത ഉപയോ



ഇന്ത്യയിലെ ഏറ്റവും വേഗതകൂടിയ ട്രെയിൻ
ഗതിമാൻ എക്സ്പ്രസ്

# നോൺ ആൽക്കഹോളിക് ഫാറ്റിലിവർ ഡിസീസ്




**ഡോ. റൂബി രാജു**
**കേന്ദ്ര കമ്മറ്റിയംഗം**
**ഓ.സി.വൈ.എം.**
**അടൂർ–കടമ്പനാട് ഭദ്രാസനം**


ഗം പ്രത്യേകിച്ച് ഡോക്ടർമാരുടെ നിർദ്ദേശമില്ലാതെ ഉപയോഗിക്കുന്ന മരുന്നുകളുടെ അമിത ഉപയോഗം കരളിനെ ബാധിച്ചേക്കാം.

**കരൾരോഗങ്ങളും പ്രതിരോധമാർഗ്ഗങ്ങളും**

ചർമ്മം കഴിഞ്ഞാൽ ശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥിയാണ് കരൾ. നിരവധി ശാരീരിക ഉപാപചയ പ്രവർത്തനങ്ങൾക്ക് മാതൃകാപരമായ മേൽനോട്ടം വഹിക്കുന്ന കരളിനെ ശരീരത്തിലെ കെമിക്കൽ ഫാക്ടറി എന്നാണ് വിളിക്കുന്നത്. അതുകൊണ്ട് തന്നെ കരളിന് വരുന്ന ചെറിയ രോഗം പോലും ശരീരത്തിന്റെ മൊത്തം പ്രവർത്തനത്തെ ബാധിക്കും. അതുകൊണ്ട് കരളിനെ സംരക്ഷിക്കേണ്ടത് പ്രധാനമാണ്. മദ്യപിക്കുന്നവരിലാണ് കരൾരോഗം വരുന്നത് എന്നൊരു ധാരണ പൊതുവേ ആളുകളിൽ ഉണ്ട്. എന്നാൽ ജീവിതത്തിൽ ഒരിക്കൽപോലും മദ്യപിക്കാത്തവരിൽ കരൾ രോഗങ്ങൾ വരാം. കുട്ടികൾ ഉൾപ്പെടെ ഏതുപ്രായക്കാരേയും ഇത് ബാധിച്ചേക്കാം.

സാധാരണ ആയി കണ്ടുവരുന്ന കരൾ രോഗങ്ങൾ ആണ് നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസ്, ഹെപ്പറൈറ്റിസ് C,B,A ലിവർ സിറോസിസ്, ആൽക്കഹോളിക് ഹെപ്പറൈറ്റിസ് ഹീമോ ക്രോമാറ്റോസിസ്.

മദ്യപിക്കുന്നവരിൽ കരൾരോഗങ്ങളും ഫാറ്റിലിവറും പിടിപെടാനുള്ള സാധ്യത ഇരട്ടിയിലേറെയാണ് കരൾ വീക്കം ഉള്ളവർ; അസുഖം തിരിച്ചറിയാതെ വീണ്ടും മദ്യപിച്ചാൽ സിറോസിസ് എന്ന അവസ്ഥയിൽ എത്തും. കാലിൽ വരുന്ന നീരാണ് ഒരു പ്രധാന രോഗലക്ഷണം. പല കാരണങ്ങൾ കൊണ്ട് കാലിൽ നീരു വരുന്നതിനാൽ ഇത് ആരും ശ്രദ്ധിക്കാറില്ല. കണ്ണിലും, മൂത്രത്തിലും മഞ്ഞനിറം ഉണ്ടാകുമ്പോൾ നടത്തുന്ന പരിശോധനയിലൂടെ ആണ് രോഗം കണ്ടെത്തുന്നത്.

ഇന്ന് നിലവിലുള്ള ചികിത്സ വഴി രോഗം പൂർണ്ണമായി ഭേദപ്പെടുത്താൻ സാധ്യമല്ല. രോഗം വരാതെ ശ്രദ്ധിക്കുക എന്നതാണ് പ്രധാനം. ലിവർ ഫങ്ഷൻ ടെസ്റ്റ് ആണ് കരൾ രോഗത്തിനുള്ള പ്രധാനടെസ്റ്റ്. സ്കാനിംഗ് വൈറസുകളെ കണ്ടെത്താനും ഉള്ള പ്രത്യേക പരിശോധനകളും നിലവിലുണ്ട്. രോഗം കൂടുതലാകുന്ന അവസ്ഥയിലാണ്. ലിവർ ട്രാൻസ്പ്ലാന്റേഷൻ എന്ന ഓപ്ഷനിലേക്ക് എത്തുന്നത്.

**കരൾരോഗങ്ങൾ എങ്ങനെ തടയാം**

മദ്യപാനം ഒഴിവാക്കുക, ഭക്ഷണം ആരോഗ്യകരമാക്കുക, വിഷരഹിത പച്ചക്കറികൾ കൂടുതലായി കഴിക്കുക. കൊഴുപ്പ് കുറഞ്ഞ ഭക്ഷണം കഴിക്കുക, വ്യായാമം ശീലമാക്കുക. മറ്റൊരാൾ ഉപയോഗിച്ച ഷേവിംഗ് ബ്ലെയിഡ്, സിറിഞ്ച് എന്നിവ ഉപയോഗിക്കാതിരിക്കുക. രക്തദാനം ചെയ്യുമ്പോൾ കർശനമായി ജാഗ്രത പാലിക്കുക. വ്യക്തിശുചിത്വം പാലിക്കുക, ഡോക്ടറിന്റെ നിർദ്ദേശമില്ലാതെ മരുന്നുകൾ ഉപയോഗിക്കരുത്. പ്രതിരോധ കുത്തുവയ്പുകൾ സമയാസമയങ്ങളിൽ എടുക്കുക. ലൈംഗിക ശുചിത്വവും, മിതത്വവും പാലിക്കുക. കുടിവെള്ളം അഞ്ച് മിനിട്ട് തിളപ്പിച്ചാറിയ ശേഷം ഉപയോഗിക്കുക എന്നിവ ആണ് രോഗം വരാതിരിക്കാനുള്ള മാർഗ്ഗങ്ങൾ. ❖

ആരോഗ്യചിന്തകൾ

ഡീസൽ ലോക്കോമോഡണൈസേഷൻ വർക്സ് എവിടെയാണ്
പാട്യാല

രണ്ടുപേർ അതിവേഗം നടന്നു പോകുന്നു.
വേഗം നടന്നകലണം കുരിശിൽ നിന്നും
ക്രൂശിതനിൽ നിന്നും...
ഗുരുവിന്റെ കിനാക്കളിൽ  നിന്നും
അഞ്ചപ്പത്തിൽ നിന്നും
ശീലോഹാവിൽ നിന്നും
ചാട്ടയുടെ പുളച്ചിലിൽ നിന്നും
പുളിവീഞ്ഞിൻ ഭരണിച്ചോട്ടിൽ നിന്നും
ദൂരേക്ക് ദൂരെ ദൂരേക്ക്...
കുരേനയും ഓർശ്ലെമും തമ്മിൽ
ഇണക്കിയ നഗരങ്ങളാണ്.
അത് പരാജിതരുടെ ദേശമാണ്.
അപരന്റെയാകുലതകൾ സ്വന്തമാക്കിയവരുടെ ഭൂമിക
അകലങ്ങളിൽ ഇരുന്നു ഹൃദയസംവാദം
ചെയ്തവരുടെ നാട്.
ശീമോന് ക്രിസ്തുവിലേക്കോടി ചെല്ലണമായിരുന്നു.
ക്രിസ്തുവിന് കുറെനക്കാരെ കണ്ടെത്തണമായിരുന്നു.
എന്തെന്നാൽ നിഴൽ ആയിരുന്നവർ സുരക്ഷിതമായ
അകലത്തിൽ പിറകെ വരുന്നത്
അകക്കണ്ണിലവൻ കണ്ടിരുന്നു.

**പുരുഷാരം**
അപ്പം മതിയായിരുന്നു.
അപ്പമായവനെ എന്തിന്??
സൗഖ്യത്തിന് ഒരു വൈദ്യൻ,
അതിനുവല്ലങ്കിലി
നിയൊരുവൻ
ദൈവമില്ലാത്താലയത്തി നുയിരു
പകരാ നൊരുങ്ങുവർ
ചാട്ട എടുക്കുക ക്രിസ്തുവിനെ പുറത്താക്കുക
മേശ, നാണയം, പ്രാവ്, റാസ, ചെണ്ട,
ചെമ്പ് വെടി.....
ഊമകളുടെ ശബ്ദഘോഷം....
ഒമ്പതാം മണി...
അറിവില്ലാത്തവർ ഇവരോട് പൊറുക്കണമെന്ന്
ആകാശത്തൂന്ന് ഒരു നിലവിളി
ക്രിസ്തു പ്രാണനെ വിട്ടു...
ശേഷം അന്ധകാരം

# തീർത്ഥാടനം





ഫാ. കെ.കെ. വർഗീസ്

സുറിയാനി പദപരിചയം

# മൗദ്യോനൂസോ



ഫാ. മാത്യു വർഗ്ഗീസ്, റോം

വിശുദ്ധ കുമ്പസാരത്തിനു മുമ്പായി കുമ്പസാരിക്കുന്ന ആൾ അനുതാപത്തോടും സങ്കട ഹൃദയത്തോടും നടത്തുന്ന പ്രാർത്ഥനകളെയാണ് 'മൗദ്യോനൂസോ' എന്നറിയപ്പെടുന്നത്. വി.കുമ്പസാരത്തെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറെ വിപുലമാണ് ഇതിന്റെ അർത്ഥതലങ്ങൾ 'യ്ദോ' എന്ന ക്രിയാധാതുവിൽനിന്ന് വരുന്ന 'ഔദി' എന്നിതിൽനിന്ന് രൂപപ്പെടുന്ന 'മൗദ്യോനൂസോ' എന്ന വാക്കിന് ഏറ്റുപറച്ചിൽ (confession) അംഗീകരിക്കുക (acknowledgement), കൃതജ്ഞതാർപ്പണം (giving of thanks), വിശ്വാസ പ്രഖ്യാപനം (Profession of faith), വിശ്വാസ സാക്ഷികരണം എന്നിങ്ങനെ നിരവധിയർത്ഥങ്ങൾ ഉണ്ട്. സന്യാസികൾ നടത്തുന്ന വ്രതവാഗ്ദാനത്തേയും (Profession of Virginity) ഈ വാക്ക്കൊണ്ടാണ് അറിയപ്പെടുന്നത്. വി.കുമ്പസാരം അനുതാപപൂർവ്വമായ ഏറ്റുപറച്ചിലാണ് എന്ന് ഈ

ശേഷം 30–ാം പേജിൽ

ലേകത്തെ ഏറ്റവും ഉയരത്തിലുള്ള റെയിൽവേ സ്റ്റേഷൻ?
കോൺഡോർസ്റ്റേഷൻ ബൊളീവിയ (4786 മീ)



# സൈബർ കുറ്റകൃത്യങ്ങൾ

**സൈബർ കുറ്റകൃത്യങ്ങൾ മറ്റ് കുറ്റകൃത്യങ്ങളെ അപേക്ഷിച്ച് ശിക്ഷ ലഭിക്കുവാൻ സാധ്യത കൂടുതൽ ഉള്ളവയാണ്.**



**അഡ്വ. ജയിംസ് ജോൺസൺ**
സെന്റ് സ്റ്റീഫൻസ് വലിയപള്ളി, കറ്റാനം

വിവരസാങ്കേതികവിദ്യ വിപ്ലവകരമായ വളർച്ച കൈവരിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നിയമം അതിനെ എപ്രകാരം നോക്കിക്കാണുന്നു എന്നതാണ് ഈ ലക്കത്തിൽ പരിശോധിക്കുന്നത്. 'ഈ നിയമം എനിക്ക് അറിയില്ലായിരുന്നു' എന്ന തർക്കം ഉന്നയിക്കുവാൻ നിയമം ആരേയും അനുവദിക്കുന്നില്ല(Ignorance of Law is not an excuse) എന്നുള്ളതുകൊണ്ടു തന്നെ ഒരു പൗരൻ എന്ന നിലയിൽ പ്രാഥമികമായ നിയമബോധം എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാണ്.

Cyber Crimes/ സൈബർ കുറ്റകൃത്യങ്ങൾ എന്നാൽ കംപ്യൂട്ടറോ അനുബന്ധ ഉപകരണങ്ങളോ ഉപയോഗിച്ച് നടത്തുന്ന ക്രിമിനൽ പ്രവർത്തികളാണ് ഇന്ത്യൻ ശിക്ഷാനിയമം (IPC) (45 of 1860) വിവരസാങ്കേതിക വിദ്യാനിയമം(Information technolgy 2000, ammendment Act 2008) എന്നിവയാണ് ഇന്ത്യൻ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായുള്ള പ്രധാന നിയമങ്ങൾ.

ഇലക്ട്രോണിക് രേഖകൾ, ഒപ്പുകൾ എന്നിവയ്ക്ക് നിയമപരമായ അംഗീകാരം നൽകുക. ഇലക്ട്രോണിക് വിവരങ്ങൾ കോടതികളിൽ തെളിവായി സ്വീകരിക്കുന്നതിലേക്ക് വേണ്ട ഭേദഗതികൾ ബന്ധപ്പെട്ട (IPC, IEA etc) നിയമങ്ങളിൽ ഉണ്ടാക്കുക എന്നീ ഉദ്ദേശത്തോടു കൂടിയാണ് 2000-മാണ്ട് ഒക്ടോബർ മാസം 17-ാം തീയതി IT Act നിലവിൽ വരുന്നത് . തുടർന്ന് 2008-ൽ ഈ നിയമത്തിൽ സമൂലമായ ഭേദഗതികൾ വരുത്തുകയുണ്ടായി.

IT നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങൾ എസ്.ഐ. റാങ്കിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ അന്വേഷിക്കേണ്ടതാണ്. ഒരു വ്യക്തിയോ, കമ്പനിയോ ക്രമാതീതമായ ഇ-മെയിലുകൾ മറ്റൊരാൾക്ക് അയക്കുകയും അതുവഴി അയാളുടെ സെർവർ തകരാറിലാക്കുകയും ചെയ്യുക(Email Banking) മറ്റൊരാളുടേയോ കമ്പനികളുടേയോ ബാങ്ക് അക്കൗണ്ടുകളിൽ നിന്നോ ഇ-മെയിലുകളിൽ നിന്നോ ചെറിയ തുകകൾ വളരെ വലിയ കാലയളവിൽ തട്ടിയെടുക്കൽ (salari attack) കമ്പ്യൂട്ടറോ അനുബന്ധ ഉപകരണങ്ങളോ ഉപയോഗിച്ച് വ്യക്തികളുടെ സ്വകാര്യതകൾ , അശ്ലീല ചിത്രങ്ങൾ, വീഡിയോകൾ എന്നിവ അപ്ലോഡോ ഡൗൺലോഡോ ചെയ്യുക(pornography) രാജ്യസുരക്ഷയ്ക്ക് എതിരായി പ്രവർത്തിക്കുക(cyber terrorism) ഇവയൊക്കെയാണ് ഈ നിയമപ്രകാരമുള്ള പ്രധാന കുറ്റകൃത്യങ്ങൾ.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദൂരം ഓടുന്ന ട്രെയിൻ ഏതാണ് ?
വിവേക് എക്സ്പ്രസ്സ്

**പ്രധാനപ്പെട്ട കുറ്റകൃത്യങ്ങളും അവയ്ക്കുള്ള ശിക്ഷകളും**

**IT Act 430-ാം വകുപ്പ്**

ഒരു കമ്പ്യൂട്ടറിന്റേയോ കമ്പ്യൂട്ടർ നെറ്റ് വർക്കിന്റെയോ ഉത്തരവാദിത്വത്തിൽ ഇരിക്കുന്ന വ്യക്തിയുടെ അനുവാദം ഇല്ലാതെ ആ കമ്പ്യൂട്ടറിലോ, നെറ്റ് വർക്കിലോ, തടസ്സങ്ങൾ സൃഷ്ടിക്കുക അതിലെ വിവരങ്ങൾ ഡൗൺലോഡ് ചെയ്യുക നാശമോ വരുത്തുക എന്നത് ഒരു കോടി രൂപാ വരെ പിഴ ലഭിക്കാ.വുന്ന കുറ്റകൃത്യമാണ്.

**65-ാം വകുപ്പ്**

നിയമപരമായി പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടർ Computer Source Code ൽ അറിവോടും ഉദ്ദേശത്തോടും കൂടി ആരെങ്കിലും മാറ്റം വരുത്തുകയോ, ഒളിപ്പിച്ചു വയ്ക്കുകയോ, നശിപ്പിക്കുകയോ ചെയ്യുന്നത്. 3 വർഷം വരെ തടവോ 2 ലക്ഷം വരെ പിഴയോ രണ്ടും കൂടെ ഒരുമിച്ചോ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

**66 A വകുപ്പ്**

കമ്പ്യൂട്ടറോ മറ്റ് വിനിമയശ്രോതസ്സുകളോ ഉപയോഗിച്ച് കുറ്റകരമായ സന്ദേശങ്ങൾ പ്രചരിപ്പിക്കുക, തെറ്റായ വിവരങ്ങൾ ആണെന്ന അറിവോടെ ഇത്തരം പ്രചരണം നടത്തുക എന്നത് 3 വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ് ഈ വകുപ്പ് സുപ്രീം കോടതി Sreya Singal V Union of India (2015 (2) KL I T (Sc)എന്ന കേസ്സിൽ അസാധുവാക്കിയിട്ടുണ്ട്

**67 A വകുപ്പ്**

ലൈംഗിക പ്രവർത്തികളുടെ ഉള്ളടക്കമുള്ള സംഗതികൾ ഇലക്ട്രോണിക് രൂപത്തിൽ പ്രചരിപ്പിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നത് 5 വർഷം തടവും 10 ലക്ഷം രൂപാ വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

**67 B വകുപ്പ്**

കുട്ടികൾ ഉൾപ്പെടുന്ന ലൈംഗിക പ്രവർത്തികളുമായി ബന്ധപ്പെട്ട സംഗതികൾ ഇലക്ട്രോണിക് രൂപത്തിൽ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നത് 5 വർഷം തടവും 10 ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

മേൽവിവരിച്ച കൂടാതെ മറ്റു കുറ്റകൃത്യങ്ങളും അവയ്ക്കുള്ള ശിക്ഷകളും IT നിയമത്തിൽ വിവരിക്കുന്നുണ്ട്. ദൈനംദിന ജീവിതത്തിൽ അറിഞ്ഞോ അറിയാതെയോ ഇത്തരത്തിലുള്ള പല കുറ്റകൃത്യങ്ങളിലൂടെയും നാം കടന്നുപോകാറുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ പിടിക്കപ്പെടുന്ന പക്ഷം മറ്റ് കുറ്റകൃത്യങ്ങളെ അപേക്ഷിച്ച ശിക്ഷ ലഭിക്കുവാൻ സാധ്യത കൂടുതൽ ഉള്ളവയാണ്. ഒന്നും സുരക്ഷിതമല്ലാത്ത Virtual/Cyber ലോകത്ത് സൂക്ഷമതയോടു കൂടിയ ഇന്റർനെറ്റ് ഉപയോഗം മാത്രമാണ് കുറ്റകൃത്യങ്ങളിൽ അകപ്പെടാതിരിക്കുവാനുള്ള ഏകമാർഗ്ഗം. ❖

ഇനിയും നഷ്ടപ്പെട്ടിട്ടില്ലെന്നു നമ്മൾ വിശ്വസിക്കുന്ന സമൂഹ മന:സാക്ഷിയെ ഏറ്റവുമൊടുവിൽ ഞെട്ടിച്ച സംഭവമായിരുന്നു പെരിയയിലെ ഇരട്ടകൊലപാതകം. ദിവസങ്ങളേറും തോറും ശരത്‌ലാലും കൃപേഷും പത്രങ്ങളുടെ മുൻപേജുകളിൽ നിന്നും മുഖപ്രസംഗങ്ങളിൽ നിന്നും ഉൾപ്പേജുകളിലെ ചെറിയ വാർത്തകളായി പരിണമിക്കുന്നു.ചാനലുകൾക്കും സാമൂഹ്യജീവികൾക്കും പുതിയ ഇരകളെ വീണു കിട്ടിയിരിക്കുന്നു. ഫേസ്ബുക്ക് പോരാളികൾ ഇന്ത്യ-പാക്ക് അതിർത്തി സംഘർഷങ്ങളെക്കുറിച്ചുള്ള കൂലംകഷമായ ചർച്ചകളിലെക്ക് ചുവടുമാറിയിട്ടുണ്ട്. സഹതപിക്കുവാനും കുറ്റംപറയുവാനും ദിനംപ്രതി പുതിയ കാഴ്ചകൾക്ക് പഞ്ഞമില്ലാത്തിടത്തോളം കാണികളായ നമ്മൾ സന്തുഷ്ടരാണ് ആ രണ്ടു കുടുംബങ്ങളിലുണ്ടായ ശൂന്യതകൾക്കും, അവരിരുവരും ബാക്കി വച്ചു പോയ ഓർമ്മകൾക്കുമപ്പുറം, ശരത്‌ലാലും കൃപേഷും നമുക്ക് വെറും പേരുകൾ മാത്രമായിരിക്കുന്നു.

രാഷ്ട്രീയത്തിന്റെ ലേബലിന് കീഴിൽ, കേരളത്തിൽ നടക്കുന്ന കൊലപാതകങ്ങളെക്കുറിച്ചുള്ള മിക്കവാറും എല്ലാ അന്വേഷണങ്ങളും ചെന്നെത്തുന്നത് കണ്ണൂരാണ്. ഇൻഡ്യയിലെ രാഷ്ട്രീയം വിശേഷിപ്പിക്കുന്നതെന്നറിഞ്ഞാൽ, ഇന്നത്തെ സാഹചര്യത്തിൽ തെല്ലും അത്ഭുതപ്പെടാനില്ല. 1968-ൽ ആർ.എസ്.എസ്. നേതാവായിരുന്ന വാടിക്കൽ രാമകൃഷ്ണന്റെ കൊലപാതകമാണ് കേരളത്തിൽ ഇത്തരത്തിൽ രേഖപ്പെട്ടതിൽ ആദ്യത്തേത്. രാമകൃഷ്ണനിൽ തുടങ്ങി




# രക്തസാക്ഷികൾക്ക്

# പറയാനുള്ളത്



**റെനി അന്നാ ഫിലിപ്പ്**
ഓ.സി.വൈ.എം. മാവേലിക്കര
ഭദ്രാസന കമ്മറ്റിയംഗം




ഇന്ന് പെരിയയിൽ എത്തി നില്ക്കുന്ന അനേകം അരും കൊലകൾക്ക് പക്ഷേ, രൂപവും സാഹചര്യവും മാത്രമേ മാറിയിട്ടുള്ളൂ. നിറമിന്നും ചോരയുടെ പേടിപ്പിക്കുന്ന ചുവപ്പു തന്നെയാണ്.

കേരളത്തിന്റെ തനതായ സംസ്കാര രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ച, സ്വാതന്ത്ര്യ സമരചരിത്രത്തിൽ, വിശിഷ്ടമായൊരു സ്ഥാനം നേടിയെടുത്ത മലബാറിന്റെ മണ്ണുതന്നെയാണ് രാഷ്ട്രീയകൊലപാതകങ്ങൾക്കും വളക്കൂറായത്. ജൻമിത്ത സമ്പ്രദായം കൊടികുത്തി വാണ മദ്ധ്യകാല കേരളത്തിലെ സാമൂഹിക പരിത:സ്ഥിതികളിൽ തുടങ്ങുന്നതാണ് ഇതിനുള്ള കാരണങ്ങൾ. പുരാതന സമൂഹങ്ങളിൽ നിലനിന്നിരുന്ന യുദ്ധക്കൊതിയും വീരാരാധനയും പോലെയുള്ള മാനസിക ഘടകങ്ങൾ, വടക്കൻ പാട്ടുകളിലെ പ്രശസ്തമായ കുടിപ്പകകളിലും മാമങ്കത്തിലെ ചാവേറുകളുടെ വീരസ്മൃതിയിലും ഊറ്റം കൊള്ളുന്ന മലബാറിന്റെ സാമൂഹ്യപരിസരങ്ങളിൽ ഇന്നും ബാക്കി നിൽക്കുന്നു എന്നുള്ളതാണ് ഏറ്റവും അപകടകരമായ കാരണമായി ചൂണ്ടിക്കാട്ടുന്നത്. പഴശ്ശിയുടെ ദീപ്ത സ്മരണകൾ മങ്ങാതെ സൂക്ഷിക്കുന്ന ജനം, നിവർന്ന് നിന്ന് അവകാശങ്ങൾ ചോദിച്ചു വാങ്ങുവാൻ പഠിപ്പിച്ച പ്രസ്ഥാനത്തിന് വേണ്ടി രക്തസാക്ഷിയോ ബലിദാനിയോ ആവുന്നതിൽ പരോക്ഷമായെങ്കിലും അഭിമാനിക്കുന്നുണ്ടെന്ന് സാരം. പലരും പറഞ്ഞു പഴകിയതുപോലെ. ഇത്തരത്തിൽ 'മഹത്വമുള്ള' മരണങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്നത് പ്രാരാബ്ധക്കാരനായ ഒരു സാധാരണ പ്രവർത്തകൻ ആയിരിക്കും. ആശയ വൈരുദ്ധ്യങ്ങളുടെ കടിച്ചാൽ പൊട്ടാത്ത കാരണങ്ങളോ, അനേകം തലമുറകൾ നീണ്ടു നിന്ന പ്രതികാര ദാഹമോ ഒന്നും ഇതിന് പിന്നിൽ ഉണ്ടാവുകയില്ല. സാമൂഹ്യജീവിയായ മനുഷ്യന്റെ ദൈനംദിന ജീവിതത്തിലെ വളരെ നിസ്സാരമായ ഏതെങ്കിലും കാരണത്തിൽ നിന്നു തുടങ്ങി, വ്യത്യസ്ത നിറങ്ങളിലുള്ള കൊടികൾക്ക് കീഴിൽ അണിനിരന്നാൽ മാത്രം തീരാവുന്ന കയ്യാങ്കളിയായി അതു വളരുന്നു. രാഷ്ട്രീയ വിരസതയൊഴിവാക്കാനും, സഹതാപ തരംഗം സൃഷ്ടിച്ച് ലാഭം നേടുവാനും, ഭീതിയുടെ മേലാപ്പിൽ എതിരഭിപ്രായങ്ങളെ ഒതുക്കാനാനുമായി അതാതു പാർട്ടികൾ രക്തസാക്ഷികളെ ഉപയോഗപ്പെടുത്തുന്നു. ചോരയുടെ മണം ചെന്നെത്താത്തത്ര അകലങ്ങളിൽ മക്കളെ പാർപ്പിച്ച്, ഉന്നത വിദ്യാഭ്യാസവും ജീവിത സാഹചര്യവും ഉറപ്പാക്കി, ശീതികരിച്ച വാഹനങ്ങളുടെയും പാർപ്പിടങ്ങളുടെയും സുഖത്തിൽ മാറിമാറി കഴിയുന്ന നേതാക്കൻമാർക്കാകട്ടെ, ഒരോധർണയുടെയും പ്രതിഷേധ യോഗത്തിന്റെയോ, കൂടി പോയാൽ ഒരു ഉപവാസത്തിന്റെയോ അസ്വസ്ഥത മാത്രമേ രക്തസാക്ഷികൾ സൃഷ്ടിക്കുന്നുള്ളൂ. ഇവിടെ വിടവുകളുണ്ടാവുന്നത്, ബന്ധങ്ങളുടെ സ്നേഹ പരിസരങ്ങളിലാണ്.

വർഗീയതയ്ക്കും ദുരഭിമാനക്കൊലയ്ക്കുമെതിരെ ശക്തമായ നിലപാടുകളെടുത്ത സാക്ഷരതകേരളത്തിൽ തന്നെയാണ് ഇത്രയും ഉയർന്ന നിരക്കിലുള്ള രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്നത് എന്നുള്ളതാണ് പ്രധാന വസ്തുത. കൊലയെ രാഷ്ട്രീയവൽക്കരിച്ച്, വോട്ടുകൾ നേടി അധികാരത്തിലെത്തുന്നത് അത്യാന്താപേക്ഷിതമായ പ്രക്രിയയായി മാറ്റിയിരിക്കുന്നു. ഒരിക്കൽ അദ്ധ്വാനിക്കുന്നവന് വേണ്ടി നിലകൊണ്ട പല പാർട്ടികളും ഇന്ന് സാധാരണക്കാരന്റെ കുരുതിക്കളമാണ്. ഫാസിസത്തിനെതിരെ മുറവിളി കൂട്ടുന്ന അതേ പ്രത്യയശാസ്ത്രത്തിന് കീഴിൽ നിന്നുകൊണ്ടു തന്നെയാണ് അവർ അഭിപ്രായങ്ങളെയും വിമർശനങ്ങളെയും അസഹിഷ്ണുതയോടെ ഉൻമൂലനം ചെയ്യുന്നത്

**ശേഷം 28-ാം പേജിൽ**



# പരിശുദ്ധ സഭ

## ക്രിസ്തുവിന്റെ ശരീരവും മണവാട്ടിയും

**ഫാ. ജോജി കെ. ജോയി അടൂർ**

**വൈസ് പ്രിൻസിപ്പാൾ, സെന്റ് ബേസിൽ ബൈബിൾ സ്കൂൾ, ശാസ്താംകോട്ട**

സഭ എന്ന വാക്ക് വളരെയധികമായി ഉപയോഗിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇപ്പോഴുള്ളത്. എന്നാൽ സഭ വി.വേദപുസ്തകം ചൂണ്ടിക്കാട്ടുന്ന ചില ആശയങ്ങൾ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

**വി:സഭയുടെ അടിത്തറ ക്രിസ്തു**

**1. വി. മത്തായി 16:18,19**

നീ പത്രോസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല.

സഭയെകുറിച്ച് ക്രിസ്തു നടത്തുന്ന പരമാർശമാണിത്. പാതാളഗോപുരങ്ങൾക്ക് അതായത് സാത്താനും ശക്തികൾക്ക് കീഴടങ്ങാൻ പറ്റാത്തതായി ക്രിസ്തുവിൽ പണിപ്പെട്ടതാണ് സഭ.

പത്രോസ് എന്ന പാറയിലല്ല പ്രത്യുത ക്രിസ്തു എന്ന പാറമേൽ you are Peter and up on this rock I will build my church എന്നാണ് ഇംഗ്ലീഷിൽ പത്രോസ് ആയിരുന്നു പാറയെങ്കിൽ upon you will build my church എന്നല്ലേ പറയേണ്ടത്. മാത്രവുമല്ല വി. പത്രോസ് തന്നെ തന്റെ ഒന്നാം ലേഖനം 2-ാം അദ്ധ്യായം 4 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുവാണ് അടിസ്ഥാന കല്ല് എന്ന് പ്രതിപാദിക്കുന്നു. 1 കൊരിന്ത്യർ 3:11 ൽ വി. പൗലോസും സംശയമില്ലാതെ പ്രസ്താവിക്കുന്നു. "യേശുക്രിസ്തു എന്ന് ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല".

എഫേസ്യർ 2:20 ക്രിസ്തു യേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും, പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു.



**2. വി. സഭ ക്രിസ്തുവിന്റെ ശരീരം**

എഫേസ്യർ 5:23 ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്ക് തലയാ കുന്നതുപോലെ.

കുടുംബജീവിതത്തിൽ ഭാര്യാഭർത്തൃബന്ധത്തെ കുറിച്ചാണ് വി.പൗലോസിന്റെ മുഖ്യ പ്രതിപാദനം. അതിന് മാതൃകയായി പൗലോസ് കാണിക്കുന്നത് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധമാണ്. സഭയാകുന്ന ശരീരത്തിന്റെ തലയാണ് ക്രിസ്തു. തുടർ വാക്യങ്ങളിൽ എപ്രകാരമാണ് സഭയോട് ക്രിസ്തു വർത്തിച്ചതെന്ന് വിശദീകരിക്കുന്നു. ക്രിസ്തു സഭയെ സ്നേഹിച്ചു. വിശുദ്ധീകരിച്ചു. കറ, ചുളുക്കം മുതലായതും ഒന്നും ഇല്ലാതെ ശുദ്ധവും നിഷ്ക്കളങ്കവുമായി തനിക്കു തന്നെ തേജസ്സോടെ മുൻ നിർത്തേണ്ടതിന് തന്നെ തന്നെ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു.

**3. വി. സഭ ക്രിസ്തുവിന്റെ മണവാട്ടി**

എഫേസ്യർ 5:22 മുതൽ 28 വരെയുള്ള ഭാഗത്ത് വി:പൗലോസ് സഭയെ ക്രിസ്തുവിന്റെ മണവാട്ടിയായി ചിത്രീകരിക്കുന്നു. മുൻപ് പറഞ്ഞതുപോലെ ക്രിസ്തീയ കുടുംബജീവിതത്തിൽ ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധത്തിന്റെ മാതൃകയായി മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും തമ്മിലുള്ള ബന്ധമാണ് വി.പൗലോസിന് കാണിച്ചുകൊടുക്കാനുള്ളത്. ക്രിസ്തുവിന് സഭയോടുള്ള സ്നേഹം പോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കണം. സഭ ക്രിസ്തുവിന് വിധേയപ്പെട്ടതുപോലെ ഭാര്യ ഭർത്താവിന് വിധേയപ്പെടണം അഥവാ അനുസരിക്കണം.

വെളിപ്പാട് 19:7,8 വാക്യങ്ങളിൽ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് അവിടുത്തെ മണവാട്ടിയെ സഭയുമായുള്ള വിവാഹവിരുന്നായിട്ടാണ് വി. യോഹന്നാന് വെളിപ്പെടുത്തപ്പെട്ടത്.

'സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു. നാം സന്തോഷിച്ച് ഉല്ലസിച്ച അവന് മഹത്വം കൊടുക്കുക. കുഞ്ഞാടിന്റെ കല്യാണം ഒരുക്കിയിരിക്കുന്നു. അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു.'

**4. വി. സഭ സത്യത്തിന്റെ തൂണും അടിസ്ഥാനവും**

സത്യവിശ്വാസത്തിന്റെ തൂണും അടിസ്ഥാനവുമെന്നാണ് വി. പൗലോസ് സഭയെ വിശേഷിപ്പിക്കുന്നത്. 1. തീമോഥിയോസ് 3.14,15 ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരും എന്ന് ആശിക്കുന്നു. താമസ്സിച്ചു പോയാലോ സത്യത്തിന്റെ തൂണും, അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടുന്നത് എങ്ങനെ എന്ന് നീ അറിയേണ്ടതിന് ഇത് എഴുതുന്നു.

തന്റെ നിജപുത്രനായ തിമോഥിയോസിന് ഈ ലേഖനം എഴുതുന്നതിന്റെ ഉദ്ദേശം എന്ത് എന്ന് വി. പൗലോസ് ഇവിടെ വ്യക്തമാക്കുന്നു. വി. സഭ ജീവനുള്ള ദൈവത്തിന്റെ വകയെന്നത് കൂടാതെ ഓരോ ദൈവാലയവും വി. സഭയുടെ നിലനിലക്കുന്ന അടയാളമാണെന്നാണ് വി.പൗലോസിന്റെ വ്യക്തമായ മുന്നറിയിപ്പ്.

ഓരോ ദൈവാലയവും സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിൽ നിലനിന്ന് സത്യ ആരാധാന നടത്തേണ്ടതാണന്ന് ഉറപ്പു വരുത്തുക തിമോഥിയോസിന്റെ നിയോഗമാണെന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നു.

നിന്നെ തന്നെയും ഉപദേശത്തേയും സൂക്ഷിച്ചുകൊൾക, ഇതിൽ തന്നെ ഉറച്ചു നിൽക്ക അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും. 1 തീമോഥി 4:16

വി. സഭയുടെ കണപ്പെട്ട രൂപമാണ് വി. ദൈവാലയം എന്നത് വി. പൗലോസ് ശ്ലീഹായുടെ പ്രധാനമായ പ്രബോധനമായിരുന്നു. സത്യവചനം സത്യ ആരാധന എന്നിവയുടെ കാര്യ വിചാരകനായി തീമോഥിയോസ് നിലനിൽക്കണമെന്നതും പൗലോസ് ശഠിച്ചിരുന്നു.

'സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരാനായി ദൈവത്തിന് കൊള്ളാവുന്നവനായി നിൽപ്പാൻ ശ്രമിക്ക'- 2 തിമോഥി 2:15

'അതിനാലണല്ലോ വി. കുർബ്ബനയിൽ സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെ വി. സഭയിൽ എഴുന്നേല്പിക്കണമെ'. (മാർ ദിവന്നസ്യോസ് യാക്കോബ് ബർസ്ലീബി ഒന്നാം തുബ്ദെൻ പരസ്യ പ്രസ്താവന) എന്നു ചൊല്ലുന്നത് അതെ! : ക്രിസ്തുവാകുന്ന പാറമേൽ പണിയപ്പെട്ട്, ക്രിസ്തു ശരീരമായി നിലകൊണ്ട് ക്രിസ്തുവിന്റെ മണവാട്ടിയായി അഴകുള്ളവളായി സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി **പ:സഭയുടെ അരുമസന്താനങ്ങൾ സഭയുടെ കാണപ്പെട്ട രൂപമായ വി. ദൈവാലയത്തിൽ സത്യ ആരാധനയിൽ, സത്യവിശ്വാസം കാത്തു സൂക്ഷിച്ചാൽ 'ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിന്മേൽ ഒരു തൂണാക്കും.' (വെളി. 3:2)**

❖

ഇന്റഗ്രൽ കോച്ച്ഫാക്ടറി എവിടെ സ്ഥിതി ചെയ്യുന്നു?
പെരമ്പൂർ (ചെന്നൈ)



# പ. ഗീവർഗീസ് മാർ ദിവന്ന്യാസ്യോസ്: ദാർശനികനായ പുണ്യവാനും സഭാ സ്നേഹിയും



**ബസലേൽ റമ്പാൻ**
**ബേസിൽ ദയറ**

ഗ്രീക്ക് ദേവനായ ദിവന്ന്യാസ്യോസ് (Dionysius) മുന്തിരിച്ചാറിന്റെ ദേവനായി അറിയപ്പെട്ടിരുന്നു.കാർഷികവൃത്തിക്ക് പ്രാധാന്യം നൽകിയിരുന്ന പൗരാണിക ഗ്രീക്കുകാരെ സംബന്ധിച്ചിടത്തോളം മുന്തിരിച്ചാറിന് (Wine) വലിയ പ്രത്യേകകകളുണ്ടായി. മുന്തിരിച്ചാർ കുടിച്ച് കൂത്താടുക എന്നതിലുപരി ധനവാനെയും ദരിദ്രനെയും സമൂഹത്തിലെ  എല്ലാ വിഭാത്തിൽപ്പെട്ടവരെയും ചേർത്തു നിർത്തുന്ന ഒരു ചാലകശക്തിയായിരുന്നു അവരെ സംബന്ധിച്ചിടത്തോളം ആ പാനീയം  ഊർജദായകശക്തിയായും ആദ്ധ്യാത്മീക പാനീയമായും ദേവരുചിയായും  അവർ വീഞ്ഞിനെ കണക്കാക്കി. ദേവ പാനീയമായി കണക്കാക്കിയ വീഞ്ഞിന്, ദിവ്യരുചിയും സുഗന്ധവും ആകർഷണീയതയും നൽകുന്നത് ദിവ്യ ദേവനായ ദിവന്ന്യാസ്യോസ് ആണെന്ന് അവർ വിശ്വസിച്ചു. ആ ദേവന്റെ  നാമത്തിൽ ബലികളും പൂജകളും അർപ്പിച്ചാണ് പുരാതന ഗ്രീക്കുകാർ മുന്തിരികൃഷി ആരംഭിച്ചിരുന്നത്. ദിവന്ന്യാസ്യോസിന്റെ രക്തമാണ് വീഞ്ഞിനു കൈവരുന്ന അമൂല്യഗുണത്തിന് ആധാരമെന്ന് അവർ കണക്കാക്കി. മലങ്കര സഭയെ സംബന്ധിച്ചിടത്തോളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശ ആന്തരിക ഛിദ്രങ്ങളുടെയും ഭിന്നതകളുടെയും വൈദേശിക ഇടപെടലുകളുടെയും വിവിധങ്ങളായ വ്യവഹാരങ്ങളുടെയും കാലഘട്ടമായിരുന്നു. നിലനിൽപ്പിന് തന്നെ ഭീഷണി നേരിട്ട സാഹചര്യത്തിൽ മലങ്കര സഭയ്ക്ക് വേണ്ടി സ്വജീവനെ സമർപ്പിച്ച്, ആദ്ധ്യാത്മികവും ഭൗതികവുമായ മേഖലകളിൽ നേതൃത്വം കൊടുത്ത മഹാമനീഷിയും പുണ്യചരിതനുമായ പ. ഗീവർഗീസ് മാർ ദിവന്ന്യാസ്യോസ് പരിശുദ്ധ സഭയ്ക്കുവേണ്ടി  സഭയുടെ ഉറവിനും ഉണർവിനും ഉയർച്ചയ്ക്കുമായി സ്വജീവിതം ഹോമിച്ച് സഭാഗോത്രത്തെ പരിപാലിച്ച ശ്രേഷ്ഠ ആചാര്യന് ദിവന്ന്യാസ്യോസ് നാമധേയം എന്തുകൊണ്ടും യോജിച്ചത് തന്നെയായിരുന്നു. ഗ്രീക്ക് ദേവന്റെ ചോരയുടെ ഗന്ധം വീഞ്ഞിന് ശ്രേഷ്ഠഗുണം നൽകിയതായി ഗ്രീക്കുകാർ വിശ്വസിച്ചെങ്കിൽ പ. പിതാവിന്റെ ത്യാഗോജ്ജ്വലമായ ജീവിതവും സാക്ഷ്യവുമാണ്.  ആധുനിക മലങ്കര ഓർത്തഡോക്സ് സഭയുടെ  നിറവും നൈർമല്യവും നിദർശനവുമെന്ന് ഉറപ്പായി സാക്ഷിപ്പാൻ കഴിയും.

**പ. പരിശുദ്ധ ഗീവർഗീസ് മാർ ദിവന്ന്യാസ്യോസ് തിരുമേനിയും ഉദാത്ത  ഉറവകളും**

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്ന്യാസ്യോസ് രണ്ടാമനും പരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയും പരിപക്വമാക്കിയ ദിവ്യവ്യക്തിത്വമാണ് പരിശുദ്ധ ദിവന്ന്യാസ്യോസ് പിതാവിന്റേത്. ആത്മ നിറിവിലും മൂശയിലും വാർത്തെടുത്ത സംസ്കൃതചിത്തനും  പുണ്യചരിതനുമായ പിതാവിന് ലഭ്യമായ പവിത്ര ചോദന വാക്കുകൾക്കതീതമാണ്. യഥാർത്ഥ മൂശയിൽ സ്ഫുടം ചെയ്യപ്പെട്ട വ്യക്തിത്വം മാർ അത്താനാസ്യോസ്, മുറിമറ്റത്തിൽ

ലേകത്തെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷൻ ?
ഗ്രാന്റ് സെൻട്രൽ ടെർമിനൽ ന്യൂയോർക്ക്

മാർ ഈവാനിയോസ്, ശെമവൂൻ മാർ ദിവന്ന്യാസ്യോസ് എന്നീ പിതാക്കന്മാരോടും അടുത്ത് പ്രവർത്തിക്കുവാനും അവരിൽ നിന്ന് പ്രാർത്ഥനാ ജീവിതവും, സനാതനസത്തകൾ, ആദ്ധ്യാത്മിക പരിജ്ഞാനം, ഇടയനൽവരം ആദിയായവ ചിട്ടയായി ഉൾക്കൊള്ളുവാനും പരിശുദ്ധ പിതാവിന് സാധിച്ചു. മലങ്കര സഭാ ചരിത്രത്തിൽ വ്യക്തിമുദ്ര പതിപ്പിക്കുവാനും ആദ്ധ്യാചരിത്ര ത്തിന് പങ്കാളിയാകുവാനും അദ്ദേഹത്തിന് സാധിച്ചതിന് പിന്നിൽ, ലഭ്യമായ ശ്രേഷ്ഠ പരിശീലനവും പിതാക്കന്മാരുടെ അനുഗ്രഹവും ഉണ്ടായിരുന്നു. ഉദാത്ത ശിഷ്യത്വത്തിന്റെ സർവ്വ ഭാവങ്ങളും തിരുമേനിയിൽ നിന്നും നമുക്ക് ഉൾകൊളളാവുന്നതാണ്. ഗുരുക്കന്മാരുടെ അനുഭവപരിചയവും പ്രാഗത്ഭ്യവും ശിഷ്യനെയും ശ്രേഷ്ഠതയിൽ എത്തിച്ചു എന്നതാണ് യാഥാർത്ഥ്യം.

**പ. തിരുമേനിയും സഭയുടെ എക്യുമെനിക്കൽ ബന്ധങ്ങളും**

1892 ൽ പ. പരുമല തിരുമേനി ഉൾപ്പെടെ നടത്തിയ കൊളംബ് യാത്ര സഭാ ചരിത്രത്തിലെ ഒരു നൂതന കാൽവെയ്പായിരുന്നു. റെനിവിലാത്തി മാർ തിമൊഥെയോസിന്റെ സ്ഥാനാഭിഷേകം ഈ യാത്രയുടെ മുഖ്യ ലക്ഷ്യമായിരുന്നു. ഈ യാത്രക്ക് വേണ്ട വിവരശേഖരണമുൾപ്പെടെ എല്ലാ കാര്യങ്ങളിലും വട്ടശ്ശേരിൽ മല്പാന്റെ സേവനം ശ്രേഷ്ഠമായിരുന്നു. 1895 ൽ പ. പരുമല തിരുമേനി നടത്തിയ ഊർശ്ലേം യാത്രയ്ക്കുള്ള ഒരുക്കങ്ങൾക്ക് സ്മര്യ പുരുഷൻ വഹിച്ച സേവനം വാക്കുകൾക്കതീതമാണ്. റോയൽ കോടതി വിധിക്ക് ശേഷമുള്ള മലങ്കര സഭയുടെ ചരിത്രത്തിൽ ഒരു മെത്രാപ്പോലീത്താ ആയിരുന്നില്ലെങ്കിലും പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയോട് ചേർന്ന് അദ്ദേഹം നിർവഹിച്ച ശുശ്രൂഷകൾ ആദരണിയമായിരു ന്നു.വിദേശ സഭകളുമായുള്ള ചർച്ചകളും കത്തിടപാടുകളും ഇതിന് അടിവരയിടു ന്നു.അധികാരത്തിലിരുന്നപ്പോൾ കാതോലിക്കറ്റിനുവേണ്ടിയുള്ള അപേക്ഷ നിരസിച്ച് ശപിച്ചു തള്ളിയ അബ്ദേദ് മശിഹ പാത്രിയർക്കിസിനെ കൊണ്ടു തന്നെ മലങ്കരയിലെ 'കാതോലിക്കേറ്റിന്' പൂർണ്ണത പ്രാപിക്കുന്നതിന് സാക്ഷിയാക്കുവാൻ വട്ടശേരിൽ തിരുമേനിക്ക് സാധിച്ചു. ആദ്യത്തെ അപേക്ഷ കൊടുത്തപ്പോൾ മല്പാനായും പിന്നീട് മലങ്കര മെത്രാപ്പോലീത്തയായും തിരുമേനി ഉണ്ടായിരുന്നു. ചുരുക്കത്തിൽ, മല്പാനായും മെത്രാനായും പുലിക്കോട്ടിൽ രണ്ടാമത്തെ കാലത്ത് നടന്ന പ്രവർത്തനങ്ങളുടെ പരികർമ്മിയും സാക്ഷിയുമായിരുന്നു അദ്ദേഹം. 1923ലെ സഭാ സമാധാനത്വമുള്ള മർദ്ദീൻയാത്ര ഏലിയാസ് 3 പാത്രിയർക്കീസിന്റെ വരവ് ഇവയൊക്കെ ഈ നേട്ടത്തിന് ശോഭ നൽകുന്നു.

**പ. തിരുമേനിയും സഭയിലെ സാമൂഹ്യ പ്രവർത്തനങ്ങളും**

സഭയിൽ വിദ്യാർത്ഥി പ്രസ്ഥാനം, യുവജന പ്രസ്ഥാനം ആദിയായവയൊക്കെ രൂപപ്പെടുന്നത് തിരുമേനിയുടെ കാലഘട്ടത്തിലാണ്. പരിശുദ്ധ പരുമല തിരുമേനി തിരവല്ലയിൽ സ്ഥാപിച്ച എം.ജി.എം. സ്കൂളിന് മല്പാൻ വഹിച്ച പങ്ക് വലുതായിരുന്നു. എം.ഡി. സ്കൂളിന്റെയും സെമിനാരിയുടെയും വളർച്ച തിരുമേനിയുടെ സ്വപ്നമായിരുന്നു. പരുമല സെമിനാരിയുടെ ഇന്നുള്ള വളർച്ചയ്ക്കും ക്രമീകൃതമായ ഉയർച്ചയ്ക്കും പരിശുദ്ധ വട്ടശേരിൽ തിരുമേനിയുടെ ചിന്തകളും നേതൃത്വവും ഹേതുവായന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്. പുലിക്കോട്ടിൽ രണ്ടാമൻ സഭയുടെ ഉന്നമനത്തിനായി ധന ശേഖരണാർത്ഥം ആരംഭിച്ച 'ഷോഡതി' (Lottery) വട്ടശേരിൽ മല്പാന്റെ ശ്രദ്ധേയമായൊരു നേട്ടമായിരുന്നു. അതിന്റെ വിജയത്തിനായി തിരുമേനി അനുഷ്ഠിച്ച യാതനകൾ അദ്ദേഹം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സഭയുടെ സെമിനാരി വിദ്യഭ്യാസം ശ്രേഷ്ഠമാക്കുവാനും മല്പാൻ അഹോരാത്രം പ്രയത്നിച്ചു. നവീകരണക്കാരുടെ കടന്നുകയറ്റവും റീത്ത് പ്രസ്ഥാനക്കരുടെ മുന്നേറ്റവും ഒരു പരിധിവരെ തടയുന്നതിൽ അദ്ദേഹം വിജയം കണ്ടു. അനേകം യുവാക്കളെ സഭാശുശ്രൂഷയിലേക്ക് അദ്ദേഹം ആനയിച്ചു. റാവു സാഹിബ് ഒ.എം. ചെറിയാൻ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, മാമ്മൻ മാപ്പിള തുടങ്ങി ഒരു പറ്റം സഭാസ്നേഹികളെ സഭയോടടുപ്പിച്ചു നിർത്തുവാനും അവരുടെ സേവനം സഭക്കായി പ്രയോജനപ്പെടുത്താനും അദ്ദേഹത്തിന് കഴിഞ്ഞു. പുത്തൻകാവിൽ കൊച്ചുതിരുമേനിയെ പോലുള്ളവരെ പരിശുദ്ധ സഭക്ക് ലഭ്യമായത് പരിശുദ്ധ പിതാവിന്റെ ദിവ്യ പ്രഭയിലായിരുന്നു. സാമൂഹ്യസേവനത്തിനായി സമർപ്പിച്ച മൂക്കഞ്ചേരിൽ എം. പി. പീറ്ററിനെപ്പോലെ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ്) ഉള്ളവരുടെ സേവനങ്ങളെ പരിപക്വമാക്കുവാനും വില നൽകുവാനും അദ്ദേഹം തയ്യാറായി. വട്ടശ്ശേരിൽ തിരമേനിയുടെ കത്തിൽ, മൂക്കാഞ്ചേരിൽ പത്രോസച്ചന് എന്നെങ്കിലും മെത്രാൻ ആകാൻ ആഗ്രഹം ഉണ്ടെങ്കിൽ അദ്ദേഹത്തെ തിരഞ്ഞെടുക്കണമെന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു. 1953 ൽ പലരും എതിർത്തെങ്കിലും, പ. തിരുമേനിയുടെ ആഗ്രഹമാണ് പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ സാക്ഷാത്കരിച്ചത്. ഇംഗ്ലീഷ്- മലയാളം സ്കൂളുകളുടെ സ്ഥാപനത്തിനും അനേകം വിദ്യാർത്ഥികളെ ആനയിക്കുകയും തിരുമേനി മുന്നിട്ടിറങ്ങി.

പ. തിരുമേനിക്ക് മനഃസമാധാനത്തോടും സംതൃപ്തിയോടും പ്രവർത്തിക്കുവാൻ ഒരു അവസരം

ഇന്ത്യൻ പ്രസിഡന്റിന് യാത്രചെയ്യാൻ റെയിൽവേ ഒരുക്കിയ സംവിധാനമാണ് ?
പ്രസിഡൻഷ്യൽ സലൂൺ

ലഭിച്ചിരുന്നെങ്കിൽ എങ്ങനെയൊക്കെ പ്രവർത്തിക്കു മായിരു ന്നെന്ന് ചിന്തിക്കുവാൻ പോലും സാധിക്കില്ല. അത്രമാത്രം ബുദ്ധിശാലിയും തന്ത്രജ്ഞനും പതിത പ്രജ്ഞനുമായിരുന്നു അദ്ദേഹം.

**പ. തിരുമേനിയിലെ പ്രാർത്ഥനാനുഭവവും വിശ്വാസവും**

1933 കാലഘട്ടത്തിൽ തിരുമേനിയുടെ സന്തത സഹചാരിയും പ്രിയങ്കരനുമായ റാവു സാഹിബ് ഒ. എം. ചെറിയാൻ ഉറ്റ സുഹൃത്തുക്കളുമായി അദ്ദേഹത്തെ സമീപിച്ചു. ഏലിയാസ് 3 പാത്രിയർക്കീസിന്റെ വരവ്, റീത്ത സഭയുടെ സ്ഥാപനം, സഭാഭിന്നത കൾ ഇവകളുടെ മടവിലായിരുന്നു ഈ സന്ദർശനം. തിരുമേനിയെ ആദരപൂർവ്വം വണങ്ങിയ സംഘം ആഗമനോദ്ദേശം അറിയിച്ചു. സഭാ സമാധാനത്തിന് അവരുടേതായ ചില അഭിപ്രായങ്ങളും അറിയിച്ചു. ശാരീരിക അവശതകളുള്ള തിരുമേനി, അവരുടെ അഭിപ്രായങ്ങളിലെ ശരിതെറ്റുകൾ ശക്തമായി അവരോടു പറഞ്ഞു. തിരുമേനിയുടെ പ്രിയങ്കരനായ ഒ. എം ചെറിയാൻ– 'തിരുമേനി ഇവരൊക്കെ സഭയുടെ തൂണുകളാണ് ഇവരെയൊന്നും പിണക്കരുത് '– എന്ന് പറഞ്ഞപ്പോൾ – 'ചെറിയാച്ചാ, ഈ തൂണുകളിലൊന്നുമല്ല ഞാൻ താങ്ങുന്നത്. എന്റെ തൂൺ സ്വർഗ്ഗത്തിലാണ്. ഇതിലൊക്കെ താങ്ങിയാൽ ഞാൻ ഇടറി വീണുപോകും'– എന്ന് ഉച്ചത്തിൽ അറിയിച്ചു. അതെ, പരിശുദ്ധന്റെ തൂണും കാവലും ദൈവത്തിലായിരുന്നു. സത്യത്തിനായി പ്രവർക്കിക്കുമ്പോൾ ഏതിരായ സി. ജെ. കുര്യനും കോനാട്ട് മാത്തൻ മല്പാനും (പിന്നീട് മാത്തൻ മല്പാൻ തന്റെ തെറ്റ് മനസ്സിലാക്കി പശ്ചാത്തപിക്കുകയും മലങ്കരസഭയുടെ ഔന്നത്യത്തിനായി വാഞ്ഛിയ്ക്കയും ചെയ്തു) മറ്റ് സഹപ്രവർത്തകരും ഒറ്റപ്പെടുത്തിയപ്പോഴും തിരുമേനിയുടെ ആശ്രയം ദൈവമായിരുന്നു. 1934 ലെ എം. ഡി സെമിനാരി അസ്സോസിയേഷനിലും സഭാ ഭരണഘടനാ സൃഷ്ടിയിലും തിരുമേനിയിലെ പ്രാർത്ഥനാ മനുഷ്യന്റെ സ്പർശനം പ്രകടമായി കാണാം.

**സമാപനം**

പ. തിരുമേനി ഒരു യുഗപുരുഷനും ദർശനീയമായ ഒരു യുഗത്തിലേക്ക് സഭയെ നയിച്ച പിതാവുമായിരുന്നു. ബുദ്ധി-യുക്തി-ഭക്തി മാർഗ്ഗങ്ങളിൽ അദ്ദേഹം ശ്രേഷ്ഠനുമായിരുന്നു. ഉദാത്ത വ്യക്തിത്വത്തിന്റെ സർവഭാവങ്ങളും തിരുമേനിയിൽ പ്രകടവുമായിരുന്നു.–'ദാർശനിക നായ പുണ്യവാനും ചിന്തകനും മനുഷ്യസ്നേ ഹിയുമായ പി. പിതാവിന്റെ അനുസ്മരണം, സഭാ സ്നേഹത്തിലേക്കും പ്രാർത്ഥനാ ജീവിതത്തിലേക്കും വിശുദ്ധ അനുഭവത്തിലേക്കും നമ്മെ നയിക്കട്ടെ'. ❖

**23–ാം പേജിൽ നിന്നും...**

എന്നതാണ് ഇതിലെ വൈരുദ്ധ്യം. രാജ്യത്തിന്റെ മുതൽക്കൂട്ടായ യുവതയെ കൊന്നൊടുക്കുന്നത്, ഏത് പ്രത്യയശാസ്ത്രമായാലും, അതിന്റെ ഇര ട്ടത്താപ്പ് ജനത മനസ്സിലാക്കുന്നിടത്താണ് മാറ്റം തുടങ്ങേണ്ടത്.

വ്യത്യസ്ത അഭിപ്രായങ്ങളും ആരോ ഗ്യപരമായ വിമർശനങ്ങളും ഉണ്ടാവുക എന്നത് ബഹു പാർട്ടി സമ്പ്രദായത്തിന്റെ പ്രത്യേകതയാണ്. ഇത് ജനാധിപത്യത്തെ ബലപ്പെടുത്തുന്നു. എതിർ പ്പുകളെ നേരിട്ട്, പ്രവർത്തനങ്ങളെ നിരന്തരം സൂക്ഷ്മാവലോകനം ചെയ്ത് കൂടുതൽ മെച്ചപ്പെ ടുന്നതിലാവണം നമ്മുടെ രാഷ്ട്രീയ ചിന്തകൾ വ്യാപരിക്കേണ്ടത്. പ്രസ്ഥാനങ്ങളുടെ സ്വാർത്ഥലാ ഭത്തിന് വേണ്ടിയുള്ള ചട്ടുകങ്ങളാവാതെ, അവയെ രാഷ്ട്ര പുനർനിർമ്മാണത്തിന്, ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തുന്നതിനാലാണ് പൗരൻമാർ ശ്രദ്ധിക്കേണ്ടത്. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ പ്രയോജനം ശരിയേതെന്ന് തിരിച്ചറിയുക എന്നതാ ണല്ലോ. അവനവന്റെ ജീവന് അവനവനോളം വില മറ്റാർക്കുമില്ലെന്ന് മനസ്സിലാക്കുക. പോസ്റ്ററുകളിലും ഫ്ളെക്സുകളിലും വലിയ അക്ഷരങ്ങളിലെഴുതി വച്ച് അധികാരം നേടിയെടുക്കുവാനുള്ള കുറുക്കു വഴിയാണ്, അവർക്ക് നമ്മുടെ ജീവൻ. അപ്പനും അമ്മയും നമുക്ക് വേണ്ടി സഹിച്ചത്രയും മഴയും വെയിലും വേദനയുമൊന്നും ഒരു നേതാവും, പാർട്ടിയും സഹിച്ചിട്ടുണ്ടാവില്ലെന്ന് പ്രഥമമായി തിരിച്ചറിയുക. നാളെ, നമ്മുടെ പേരുകൾക്കൊപ്പം ഹാഷ് ടാഗുകൾ ചേർത്തു കെട്ടി അവർ നീതിക്കു വേണ്ടി ഭിക്ഷ യാചിക്കാനിറങ്ങുമ്പോൾ, കാഴ്ച വസ്തുവാക്കപ്പെടുന്നത് ആ മാതാപിതാക്കളുടെ കണ്ണിലെ ഉറഞ്ഞുപോയ കണ്ണുനീർ മാത്രമാണ്. ജീവൻ ചോദിക്കുന്ന ആശയങ്ങളല്ല, മറിച്ച് ജീവി ക്കാൻ പ്രേരിപ്പിക്കുന്നവയാണ് നമുക്കാവശ്യം. കേര ളത്തിലെ എണ്ണിയാലൊടുങ്ങാത്ത രക്തസാക്ഷി മണ്ഡപങ്ങളിൽ ഘനീഭവിച്ചു കിടക്കുന്ന ചുവന്ന യോർമ്മകൾ, നമ്മളോടവാശ്യപ്പെടുന്നതും അതു തന്നെയാണ്. സമൂഹമാധ്യമങ്ങളിൽ സീസണലായി മുറവിളികൂട്ടുന്നവരാകാതെ യാഥാർത്ഥ്യങ്ങൾ തിരി ച്ചറിഞ്ഞു സ്വയം മാറുവാൻ, പ്രവർത്തിക്കുവാൻ നമ്മുടെ യുവത തയ്യാറാവണം. അതുവഴി മാത്രമേ നമ്മുടെ സമൂഹത്തിനും മാറ്റങ്ങളുണ്ടാവുകയുള്ളൂ ഇനിയൊരു ഷുഹൈബോ, കൃപേഷോ, ശരത്‌ലാ ലോ ഒരു അഭിമന്യുവോ, വിശാലോ ഉണ്ടാവതിരി ക്കട്ടെ. ദൈവത്തിന്റെ സ്വന്തം നാട് യുവതയുടെ ചോരവീണു ചുവക്കാതിരിക്കട്ടെ.

❖

കപൂർത്തല ഇന്ത്യൻ റെയിൽവേയുടെ എന്ത് യൂണിറ്റാണ് പ്രവർത്തിക്കുന്നത് ?
റെയിൽ കോച്ച്ഫാക്ടറി

# യുവജനം



**ഫാ. ജോൺ റ്റി. ശാമുവേൽ**
**(പബ്ലിഷർ)**

സമകാലിക ലോകത്തിന്റെ ഏറ്റവും വലിയ ദുരന്തം മനുഷ്യൻ ദൃശ്യവും അദൃശ്യവുമായ വെറുപ്പിന്റെ വേലിക്കെട്ടുകളാൽ ജീർണ്ണിച്ചു കൊണ്ടിരിക്കുകയാണ് എന്നതാണ്. ഭീകരാക്രമണങ്ങളും ക്വട്ടേഷൻ സംഘങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും കടന്നു കയറ്റങ്ങളും പ്രകോപനപരമായ വർത്തമാനങ്ങളും കൊണ്ടു നിറച്ചു സ്നേഹം വരണ്ടു ഉണങ്ങിയ നിലങ്ങളായി സമൂഹം മാറുന്നു. നവോത്ഥാനം ആവശ്യമായി വരുന്നത് ഈ കാഴ്ചപ്പാടിലാണ് മറിച്ച് സ്വർത്ഥതയുടെ മഷിക്കൂട്ടികൾക്കുള്ളിലല്ല. സ്നേഹത്തിന്റെ നവോത്ഥാനത്തെ മാനവരാശിക്ക് ക്രൂശിലൂടെ ലഭിച്ച ദിവസങ്ങളാണ് നോമ്പ്, പക്ഷേ ആ സ്നേഹം പുണരാൻ ഇന്നും ലോകം പഠിച്ചിട്ടില്ല. എന്താണ് നോമ്പിലൂടെ ലഭിക്കുന്നത്?, എന്താണ് പ്രയോജനം? ഇങ്ങനെ ചിന്തിക്കുന്ന യുവസമൂഹങ്ങൾ അനവധിയാണ്. നാലു വ്യത്യസ്ത അനുഭവങ്ങളാണ്. പ. നോമ്പ് പകർന്നു നൽകുന്നത്.

**ജീവിതത്തിന് നിയന്ത്രണങ്ങൾ ആവശ്യമാണ് ( ഉല്പത്തി2:16)**

ആധുനിക ലോകം യുവാക്കൾക്ക് അവരുടെ ഇഷ്ടത്തിനപ്പുറമായ ഒത്തിരി വാതായനങ്ങൾ തുറന്നുകൊടുക്കുന്നുണ്ട്. പക്ഷേ ചില നിയന്ത്രണങ്ങൾ ജീവിത വിജയത്തിന് ആവിശ്യമാണെന്ന് നോമ്പ് പഠിപ്പിക്കുന്നു.

**ജീവിതത്തിൽ കൃപ ലഭിക്കുന്നതിന് (ആവർത്ത 9;11,12)**

മേശയ്ക്ക് ജീവിതകാഴ്ചപ്പാടുകളെ അഭിമുഖീകരിക്കുവാനും കൂടാതെ നിൽക്കുവാനുള്ള കൃപയുടെ കല്പനകൾ ലഭിച്ചത് നോമ്പിലൂടെയാണ്.

**ജീവിതത്തിലെ കുറവുകളെ പരിഹരിക്കുന്നത് (1 രാജ 19:8:12)**

ഇസ്രായേലിന്റെ ജീവിതസാഹചര്യത്തിൽ ഉണ്ടായ കുറവുകളെ തകർച്ചകളെ നീക്കുന്നതിന് പ്രവാചകൻ നോമ്പിന്റെ അനുഭവത്തിലാണ് ദൈവത്തിന്റെ പർവ്വതത്തിലേക്ക് നടക്കുന്നത്. ജീവിത പരീക്ഷണങ്ങളെ, കുറവുകളെ പരിഹരിച്ച് ദൈവത്തിന്റെ പർവ്വതത്തിലേക്ക് നടക്കുവാൻ നോമ്പ് ആവശ്യമാണ്.

**ജീവിതത്തിൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ്**

യേശു തന്റെ പരസ്യ ശുശ്രൂഷയ്ക്ക് മുമ്പ് പ.നോമ്പിന്റെ അനുഭവത്തി ലാണ് ശക്തിയാർജ്ജിച്ചത്. യുവാക്കളും ജീവിതത്തിന്റെ പ്രധാന ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പും നോമ്പിലൂടെ സഞ്ചരിക്കുവാൻ ശ്രദ്ധിക്കണം.ജീവിതത്തിൽ കരുത്തു പ്രാപിക്കുവാൻ സ്വർഗ്ഗത്തിൽ നിന്ന് കൃപകളെ പ്രാപിക്കുവാൻ ഹൃദയത്തിൽ ക്രിസ്തുവിന്റെ ഭാവം ഈ നോമ്പിലൂടെ സാധിക്കട്ടെ.

ഈ ലക്കം പുറത്തിറക്കുന്നതിന് സഹകരിച്ച
എല്ലാ സുമനസ്സുകൾക്ക് നന്ദി അർപ്പിച്ചുകൊണ്ട് ***യുവജനം:-***
യുവതയുടെ സ്വപ്നസാക്ഷാത്ക്കാരമാണ്, വികാരമാണ്
കഴിഞ്ഞ കുറച്ചു നാളുകളായി ചിലകാരണങ്ങളാൽ
വെളിച്ചം കാണാതെ വന്നുവെങ്കിലും ദൈവകൃപയാൽ
യുവജനം വീണ്ടും പ്രസിദ്ധീകരിക്കുവാൻ സാധിച്ചു.
ത്രൈമാസിക ആയിട്ടാണ് യുവജനം ഇനി മുതൽ പ്രസിദ്ധീകരിക്കുക.
ഇതുവരെ പ്രവർത്തിച്ച പ്രിയപ്പെട്ടവരെ നന്ദിയോടെ സ്മരിക്കുന്നു.
നൽകിയ സ്നേഹത്തിന് നന്ദി. വീണ്ടും ആ സ്നേഹത്തിന്റെ ചരടുകൾ കോർത്തിണക്കി
യുവതയുടെ നാവായി തീരുവാൻ ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.
സ്നേഹപൂർവ്വം,
നിങ്ങളുടെ സുനു അച്ചൻ





ഏഷ്യയിൽ ആദ്യമായി ഭൂഗർഭ റെയിൽവേ ആരംഭിച്ചത് എവിടെ ?
കൊൽക്കത്ത - 1984

20 –ാം പേജിൽ നിന്നും തുടർച്ച

വാക്ക് സന്ദേശിക്കുന്നു. ഇതിൽനിന്ന് രൂപപ്പെടുന്ന മറ്റൊരു പ്രധാന പദമാണ് 'മൗദ്യാനന്മാർ' (മൗദ്യോനേ) എന്നുള്ളത്. ക്രൈസ്തവ പീഢന കാലത്ത് ധീരമായി ക്രിസ്തുവിനേയും ക്രിസ്തു വിശ്വാസത്തേയും ഏറ്റുപറഞ്ഞ വിശ്വാസവീരന്മാരാണ് മൗദ്യാനന്മാർ (confessors) ക്രിസ്തുവിനുവേണ്ടി രക്തസാക്ഷ്യം വഹിച്ചവരാണ് സഹദേന്മാർ എങ്കിൽ ഏറെ ദുഷ്ക്കരമായ സാഹചര്യത്തിൽ വിശ്വാസ സാക്ഷ്യം വഹിച്ചവരാണിവർ. വിശ്വാസ സമർത്ഥകന്മാർ എന്നുകൂടി ഇവരറിയപ്പെടുന്നു. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജസ്റ്റിൻമാർട്ടിയറും (യൂസ്തിനോസ്- എഡി 166), പാശ്ചാത്യ സഭയിൽ, ടൂർസിലെ മാർട്ടിനും ഈ ഗണത്തിൽ പ്രമുഖരാണ്. ഉയിർപ്പിനു ശേഷമുള്ള ആദ്യ വെള്ളിയാഴ്ച (ഹേവോറെ വെള്ളി) മൗദ്യാനന്മാരുടെ ഓർമ്മ പ.സഭ ആചരിക്കുന്നു. ക്രിസ്തീയ വിശ്വാസിയെ കുറിക്കാനും ഈ വാക്ക് ഉപയോഗിക്കുന്നു. വിശ്വാസി ക്രിസ്തുവിനെ സാക്ഷിക്കുന്നവനാണ്. ക്രൈസ്തവന്റെ ജീവിതം ക്രിസ്തുവിനെ പ്രഘോഷിക്കണം എന്നിങ്ങനെയുള്ള അർത്ഥതലങ്ങൾ ഈ പദം സമ്മാനിക്കുന്നുണ്ട്. അനുതാപിയെ സൂചിപ്പിക്കുവാനും ഈ വാക്കുതന്നെ ഉപയോഗിക്കുന്നു. അന്ത്യോഖ്യൻ സുറിയാനി പാരമ്പര്യത്തിൽ മൗദ്യോനേ (confessor of faith) എന്നുള്ള ശെമ്മാശന്മാരുടെ ഒരു ഗണമുണ്ട് ❖



## നന്ദിപൂർവ്വം...

ഓർത്തഡോക്സ്
ക്രൈസ്തവ യുവജനപ്രസ്ഥാനം
കേന്ദ്ര വൈസ്പ്രസിഡന്റ്
റവ. ഫാ. ഫിലിപ്പ് തരകൻ
(2015-2018)

## 'നീതി ബോധവും വിവേകവും യുവാക്കൾ മുഖമുദ്രയാക്കണം" പരിശുദ്ധ കാതോലിക്കാ ബാവാ



പത്തനംതിട്ട: 'നീതി ബോധവും വിവേകവും യുവാക്കൾ മുഖമുദ്രയാക്കണം എന്ന് പരിശുദ്ധ കാതോലിക്ക ബാവാ പ്രസ്താവിച്ചു. അസ്ഥിത്വം നഷ്ടപെടുത്താതെ സംരക്ഷിക്കുവാൻ യുവാക്കൾ ശ്രദ്ധാലുക്കളാകണമെന്നും പരിശുദ്ധ കാതോലിക്ക ബാവ കൂട്ടി ചേർത്തു ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര കലമേള- ജ്വാല 2019 ഉദ്ഘാടനം ചെയ്യുകയായിരുന്നു പരിശുദ്ധ കാതോലിക്ക ബാവ.

പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു. അഭി. കുറിയാക്കോസ് മാർ ക്ലീമീസ്, അഭി. ജോഷ്വ മാർ നിക്കോദിമോസ് , അഭി. സഖറിയാസ് മാർ അപ്രേം, വൈസ് പ്രസിഡന്റ് ഫാ.വർഗീസ് റ്റി. വർഗീസ്, അഭി. ജനറൽ സെക്രട്ടറി അജി. കെ. തോമസ്, ട്രഷറർ ജോജി. പി. തോമസ് , ജനറൽ കൺവീനർ മത്തായി റ്റി. വർഗീസ്, സംഘാടക സമിതി കൺവീനർ സോഹിൽ വി. സൈമൺ, പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് പ്രിൻസിപ്പൽ ഡോ.മാത്യൂ പി.ജോസഫ്, നിതിൻ മണക്കാട്ടുമണ്ണിൽ, ഫാ. ജോൺ. ടി. ശാമുവേൽ, ഫാ.സോബിൻ ശാമുവേൽ, ഷിജു തോമസ്, ഫാ.ബിജു തോമസ്, കെ.വൈ ബിജു, മിന്റോ വർഗീസ്, ഫാ. ബിജിൻ കെ.ജോൺ എന്നിവർ പ്രസംഗിച്ചു.

## പദയാത്ര

പ.മാത്യൂസ് ദ്വിതിയൻ ബാവയുടെ കബറിലേക്ക് ജനുവരി 25-ാം തീയതി അടൂർ-കടമ്പനാട് ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പദയാത്ര നടത്തി. അഭി.ഡോ.സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ നേതൃത്വം നൽകി. 200 യുവതി യുവാക്കളും ഭദ്രാസനത്തിലെ വൈദികരും പങ്കെടുത്തു.



യെലഹങ്ക (ബാംഗ്ലൂർ) റെയിൽവേയുടെ എന്ത് നിർമ്മാണ യൂണിറ്റാണ് പ്രവർത്തിക്കുന്നത് ?
വീൽ ഫാക്ടറി

# യുവജനപ്രസ്ഥാനം ജനറൽ അസംബ്ലി




പമ്പാടി: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ജനറൽ അസംബ്ലി പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ 2018 നവംബർ 10 ന് നടന്നു. പ്രസ്ഥാനം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു . പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ യൂഹാനോൻ മാർ ദിയസ്കോറോസ് ഉദ്ഘാടനം ചെയ്യതു. ദയറാ മാനേജർ ഫാ.മാത്യൂ കെ. ജോൺ, പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ.ഫിലിപ്പ് തരകൻ ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ വൈസ് പ്രസിഡന്റ് ആയി ഫാ.വർഗീസ് ടി. വർഗീസ്, ട്രഷററായി ജോജി പി.തോമസ്, എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി ലെനി ജോൺ, ടിൻജു ശാമുവേൽ എന്നിവരെ തെരെഞ്ഞെടുത്തു. സഭാ മാനേജിംഗ് കമ്മറ്റിയംഗം പ്രൊഫ: സജു ഏലിയാസ് മുഖ്യവരണാധികാരിയായിരുന്നു.






## സമർപ്പിത സേവനത്തിന് യുവജനങ്ങൾ തയ്യാറാകണം
## ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത

പരുമല: യുവാക്കളുടെ സമർപ്പിത സേവനത്തിലൂടെ സമൂഹത്തിന് ആദ്ധ്യാത്മിക ചൈതന്യം പകരുവാൻ കഴിയും എന്ന് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത പറഞ്ഞു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്രസമിതി നേതൃത്വ ശില്പശാല സെമിനാരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു. വൈസ് പ്രസിഡന്റ് ഫാ.വർഗീസ് ടി. വർഗീസ് അധ്യക്ഷത വഹിച്ചു അലക്സിൻ ജോർജ് കജീഗ മുഖ്യപ്രഭാഷണം നടത്തി. പരുമല സെമിനാരി മാനേജർ ഫാ.എം.സി. കുര്യാക്കോസ് , ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, ട്രഷറർ ജോജി പി. തോമസ് എന്നിവർ പ്രസംഗിച്ചു. സുപ്രീം കോടതി വിധികൾ നടപ്പാക്കുന്നതിൽ ഗവൺമെന്റ് തുടർന്ന് നീതി നിഷേധത്തിൽ OCYM കേന്ദ്രസമിതി പ്രതിഷേധം രേഖപ്പെടുത്തി. ജനുവരി അഞ്ചിന് സഭയിലെ യുവജന പ്രസ്ഥാനത്തിന്റെ എല്ലാ യൂണിറ്റുകളും പ്രതിഷേധ പ്രമേയം പാസാക്കി അതാത് സ്ഥലങ്ങളിലെ ഭരണകക്ഷി ജനപ്രതിനിധികൾക്കും ഗവൺമെന്റ് അധികാരികൾക്കും സമർപ്പിക്കുന്നതിനും കേന്ദ്ര–ഭദ്രാസന–മേഖലാ വിശദീകരണയോഗങ്ങൾ സംഘടിപ്പിക്കുന്നതിനും തീരുമാനമെടുത്തു. പ്രസ്തുത യോഗത്തിൽ വെച്ച് നിബിൻ കെ ബാബു ( മാവേലിക്കര ) മിൻറ്റാ മറിയം (നിലക്കൽ) റെനോ പി രാജൻ (അടൂർ കടമ്പനാട് ) പേൾ കണ്ണേത്ത് (കണ്ടനാട് വെസ്റ്റ് )അരുൺ വിജോയി (കുന്നംകുളം) എന്നിവർ കേന്ദ്ര എക്സികുട്ടീവ് കമ്മറ്റിയിലേക്കും, മത്തായി ടി. വർഗീസ്(നിരണം), ജോബിൻ .കെ .ജോർജ് (ചെങ്ങന്നൂർ ),എൽജോ സി ചുമ്മാർ (കൊച്ചി ), റോബിൻ ജോ വർഗീസ് (ചെങ്ങന്നൂർ), ലിജോ പി.ജോൺ (അങ്കമാലി), മിൻറ്റാ മറിയം (നിലക്കൽ ) സ്നേഹ മറിയം റെജി (ചെങ്ങന്നൂർ) എന്നിവരെ ഭരണഘടനാ ഭേദഗതി കമ്മറ്റിയിലേയ്ക്കും ഓഡിറ്റേഴ്സായി ജോബിൻ കെ. ജോർജ്ജ് (ചെങ്ങന്നൂർ), ജോസി ജോൺ (കൊല്ലം) എന്നിവരെ തിരഞ്ഞെടുത്തു.




വാർത്തകൾ

ഏതെല്ലാം സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതാണ് ഹിമസാഗർ എക്സ്പ്രസ്സ് ?
ജമ്മുതാവി– കന്യാകുമാരി

## കേന്ദ്ര കലാമേള – ചെങ്ങന്നൂർ ഭദ്രാസനത്തിന് ഓവറോൾ ചാമ്പ്യൻഷിപ്പ്

പത്തനംതിട്ട : ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര കലാമേള സമാപിച്ചു. സമാപന സമ്മേളനം ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഫാ. വർഗീസ് ടി. വർഗീസ് അദ്ധ്യക്ഷത വഹിച്ചു. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, ട്രഷറാർ ജോജി പി. തോമസ്, സ്വാഗത സംഘം കൺവീനർ സോഹിൽ വി. സൈമൺ, മത്തായി ടി. വർഗീസ്, എൽജോ സി. ചുമ്മാർ, നിതിൻ മണ്ണക്കാട്ടുമണ്ണിൽ, മിന്റാ മറിയം വർഗീസ്, റെനോ രാജൻ, നിബിൽ നല്ലവീട്ടിൽ, ഫിന്നി മുള്ളനിക്കാട് എന്നിവർ പ്രസംഗിച്ചു. കുടുതൽ പൊയിന്റുകൾ നേടി ചെങ്ങന്നൂർ ഭദ്രാസനം ഓവറോൾ ചാമ്പ്യൻ ഷിപ്പ് കരസ്ഥമാക്കി. കുന്നംകുളം ഭദ്രാസനം, മാവേലിക്കര ഭദ്രാസനം എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വിവിധ മത്സരയിനങ്ങളിലായി 1300 ഓളം മത്സരാർഥികൾ പങ്കെടുത്തു



## നീതി നിഷേധത്തിനെതിരെ പ്രതിഷേധ സംഗമം നടത്തി

മലങ്കരസഭയുടെ സ്വന്തം മന്ദമംഗലം പള്ളിയുടെ മുമ്പിൽ നീതിയ്ക്കായി സഹനസമരംനടത്തിക്കൊണ്ടു വന്ന തൃശൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ മിലിത്തിയോസ് തിരുമേനി, യുവജനപ്രസ്ഥാനം വൈസ് പ്രസിഡണ്ട് ഫാ. വർഗ്ഗീസ് റ്റി.വർഗ്ഗീസ് ജനറൽ സെക്രട്ടറി ഫാ.അജി കെ.തോമസ് ട്രഷറാർ ജോജി പി.തോമസ് എക്സിക്യൂട്ടീവ് അംഗം റെനോ പി.രാജൻഉൾപ്പെടെ യുവജനപ്രസ്ഥാനം ഭാരവാഹികളെയും വിശ്വാസികളെയും ആക്രമിക്കുകയും ചെയ്ത വിഘടിത വിഭാഗം നടത്തിയ ശ്രമത്തിൽ പോലീസ് നിഷ്ക്രിയത പാലിച്ചതിലും പോലീസ് കേസിൽപ്പെടുത്തി അന്യായമായി തടവിലാക്കുകയും ചെയ്ത നടപടികൾക്കെതിരെ അടൂർ കടമ്പനാട് യുവജനപ്രസ്ഥാനം പ്രതിഷേധ സംഗമം അടൂർ ഗാന്ധി സ്ക്വയറിൽ നടത്തി .ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ.ജോൺ റ്റി.ശാമുവേൽ സെക്രട്ടറി ഫാ.ബിജിൻ കെ.ജോൺ കൗൺസിൽ അംഗം ഫാ.മാത്യൂസ് പ്ലാവിളയിൽ,മാനേജിംഗ് കമ്മറ്റിയംഗം ഉമ്മൻ തോമസ് കൗൺസിൽ അംഗങ്ങളായ സാം പാണുവേലിൽ, ലാൻസി തരകൻ യുവജനപ്രസ്ഥാനം ജോയിന്റ് സെക്രട്ടറി ഷിബു ചിറക്കരോട്ട്, കേന്ദ്ര കമ്മറ്റിയംഗളായ ജിതിൻ തോമസ് ,അനീഷ് ജേക്കബ്, റൂബി രാജു എന്നിവർ നേതൃത്വം നൽകി.



### ജീവകാരുണ്യ അവാർഡ്

ഓർത്തോഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 2018–19 വർഷം യൂണിറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുള്ള യൂണിറ്റുകളിൽ നിന്നും 4 ലക്ഷം രൂപ വരെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയ യൂണിറ്റുകൾക്ക് ജീവകാരുണ്യ അവാർഡ് നൽകുന്നു. 2019 ഏപ്രിൽ 30നു മുമ്പായി പ്രവർത്തനങ്ങളുടെ ഫോട്ടോ സഹിതം indianocym@gmail.com എന്ന അഡ്രസ്സിലോ കോട്ടയം കേന്ദ്ര ഓഫീസിലോ ഇടവക വികാരിയുടെ എഴുത്തോടുകൂടി നൽകേണ്ടതാണ്. മുൻ വർഷം ഈ അവാർഡ് നേടിയ യൂണിറ്റുകൾ അപേക്ഷിക്കേണ്ടതില്ല.

**വേദപഠനം**
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഫെബ്രുവരി മാസത്തിൽ നടത്തിയ കൊലൊസ്യ ലേഖന പഠനം നോട്സ് കളും, ചോദ്യങ്ങളും തയ്യാറാക്കിയത് ഓർത്തഡോക്സ് തീയൊളജിക്കൽ സെമിനാരി പുതിയ നിയമ അദ്ധ്യാപകനും വാർഡനുമായ റവ.ഫാ. ഗീവർഗീസ് കെ.

## വേദപഠനം ( ഉറവയിലേക്ക്)

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കൊലൊസ്യ ലേഖനം 4 അദ്ധ്യായങ്ങൾ യൂണിറ്റ് യോഗങ്ങളിൽ പഠിച്ച് അതിന്റെ പരീക്ഷ 2019 ഫെബ്രുവരി 24-ാം തീയതി വിവിധ കേന്ദ്രങ്ങളിൽ നടന്നു. കൊലൊസ്യ ലേഖനം പഠനം നടത്തിയ ഭദ്രാസനങ്ങൾ തിരുവനന്തപുരം, കൊല്ലം , കൊട്ടാരക്കര-പുനലൂർ, അടൂർ-കടമ്പനാട്, മാവേലിക്കര, നിലയ്ക്കൽ, നിരണം, കോട്ടയം, കൊച്ചി, അങ്കമാലി, മലബാർ, ഇടുക്കി, അഹമ്മദാബാദ്, തുമ്പമൺ

## സൈനിക ഐക്യദാർഢ്യ ദിനം

അതിർത്തി കാക്കുന്ന സുരക്ഷാ ഭടന്മാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് റിപ്പബ്ലിക് ദിനത്തിൽ പ്രതിജ്ഞ എടുത്ത് അവരുടെ കുടുംബങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും വീരമൃത്യു പ്രാപിച്ചവർക്ക് സ്മരണാഞ്ജലി സമർപ്പിക്കുകയും ചെയ്തു.

## സ്നേഹസംഗമം



മലങ്കര ഓർത്തഡോക്സ് സഭയുടെ മാവേലിക്കര ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്ത അഭി.അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയുടെ എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകത്തിന്റെ ദശാബ്ദിയോട് അനുബന്ധിച്ച് മാവേലിക്കര ഭദ്രാസനത്തിലെ ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ അറുന്നൂറ്റിമംഗലം ശാലേം ഭവനിൽ വെച്ച് സ്നേഹസംഗമം നടത്തപ്പെട്ടു. ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റ് റവ.ഫാ.ഗീവർഗീസ് കോശി അധ്യക്ഷത വഹിച്ചു. സ്ഥാനാഭിഷേക ദശാബ്ദി കൊണ്ടാടുന്ന അഭി.തിരുമേനിക്ക് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി ശ്രീ.ജോജി ജോൺ, ട്രഷറാർ മനു തമ്പാൻ എന്നിവർ ചേർന്ന് പൊന്നാട അണിയിച്ചു ആദരിച്ചു, പ്രസ്ഥാന പ്രവർത്തകരും ശാലേം ഭവൻ അന്തേവാസികളും ചേർന്ന് തിരുമേനിക്ക് റോസാപ്പൂക്കൾ നൽകി.. അഭി.അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനി അനുഗ്രഹ പ്രഭാഷണം നടത്തി.ശാലേം ഭവൻ ചുമതലക്കാരായ ഫാ.തോമസ് പി ജോൺ, ഫാ.ജോസി, ഭദ്രാസന ജോയിന്റ് സെക്രട്ടറി ശ്രീ.എബി വള്ളികുന്നം, യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്ര കമ്മിറ്റി അംഗങ്ങളായ ശ്രീ.എബി ജോൺ പത്തിച്ചിറ, ശ്രീ.നിബിൻ നല്ലവീട്ടിൽ, മേഖല സെക്രട്ടറിമാരായ ശ്രീ. എബി എബ്രഹാം കോശി, റെജു വഴുവാടി, ജെറിൻ ഡി റോയ്, ഭദ്രാസന കമ്മിറ്റി അംഗങ്ങൾ, വിവിധ യൂണിറ്റുകളിൽ നിന്ന് വന്ന യുവജനങ്ങൾ എന്നിവർ പങ്കെടുത്തു. അഭി.തിരുമേനി ദശാബ്ദിയോട് അനുബന്ധിച്ച് കേക്ക് മുറിച്ചു. തുടർന്ന് ഗാനസന്ധ്യയും നടത്തപ്പെട്ടു..

## കാർട്ടൂൺ





വാർത്തകൾ

ആരുടെ ഭരണകാലത്താണ് ബോംബേ മുതൽ താനെവരെ ഇന്ത്യയിലെ ആദ്യ ട്രയിൻ ഓടിയത്?
ഡൽഹൗസി പ്രഭുവിന്റെ (1853ൽ)

## തിരുവനന്തപുരം ഭദ്രാസനവിദ്യാർഥി യുവജന സംഗമം



വിദ്യാർഥികളും യുവജനങ്ങളും ആദ്ധ്യാത്മിക ജീവിതശൈലി പരിശീലിക്കണമെന്നും യുവാക്കൾ ദൈവത്തോടുള്ള ബന്ധം ജീവിത ചര്യയാക്കണമെന്നും ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ പ്രബോധിപ്പിച്ചു.സത്യാനന്തരസത്യം എന്ന വിഷയത്തെ ആസ്പദമാക്കി കോട്ടയം വൈദീക സെമിനാരി പ്രിൻസിപ്പാൾ റവ.ഫാ.ഓ.തോമസ് മുഖ്യ പ്രഭാഷണവും പ്രൊഫ. കെ.എം.കുര്യാക്കോസ് അനുസ്മരണ പ്രഭാഷണവും നടത്തി. ഭദ്രാസന ഉപാധ്യക്ഷൻ റവ.ഫാ. മാത്യു ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യുവജന പ്രസ്ഥാനത്തിന്റെ കേന്ദ്ര വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട റവ.ഫാ. വർഗീസ് റ്റി വർഗീസിനെ അനുമോദിച്ചു. സംഗമത്തിൽ 300 പേർ സംബന്ധിച്ചു. വിദ്യാർഥി പ്രസ്ഥാനമുഖ്യകാര്യദർശി ശ്രീ.ബാബു വർഗീസ്, യുവജന പ്രസ്ഥാനമുഖ്യകാര്യദർശി ശ്രീ. പ്രവീൺ ജേക്കബ്, വിദ്യാർഥി പ്രസ്ഥാനം കേന്ദ്ര വൈസ് പ്രസിഡന്റ് ശ്രീ. ജിബിൻ കെ. ജോയി, റവ. ഫാ. ഐസക് ബി പ്രകാശ്, റവ. ഫാ. ജോർജ് മാത്യു, മണ്ഡലം പ്രസിഡന്റുമാരായ റവ. ഫാ. ഫിലിപ്പ് ഐസക്, റവ.ഫാ. എൻ.ഏ.തോമസ്, റവ.ഫാ. ഗീവർഗീസ് ജേക്കബ് തരകൻ, റവ.ഫാ.യൂഹാനോൻ ജോൺ, റവ.ഫാ.ലൂക്കോസ് റ്റി. പണിക്കർ, റവ.ഫാ. ജോൺ മാത്യു തുമ്പുങ്കൽ, റവ.ഫാ. സി. ഗീവർഗീസ്, റവ.ഫാ. കെ ബി അലക്സാണ്ടർ, റവ.ഫാ.ഏ.ലൂക്കോസ്, യുവജന പ്രസ്ഥാനം കേന്ദ്ര സെക്രട്ടറി ശ്രീ. റോയി തങ്കച്ചൻ, സഭാ മാനേജിംഗ് കമ്മിറ്റി അംഗം ശ്രീ. ബെനിൽ മാത്യു, ഇരുപ്രസ്ഥാനങ്ങളുടെയും ഭദ്രാസന, മണ്ഡല ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി

## കണ്ടനാടിന്റെ യുവജനങ്ങൾ കൈകോർത്തു
## തങ്കമ്മ ചേച്ചിയുടെ സ്വപ്നഭവനം യാഥാർത്ഥ്യത്തിലേക്ക്



കോലഞ്ചേരി – അടച്ചുറപ്പുള്ള ഒറ്റ വീട് എന്നത് ഏതൊരു കുടുംബത്തിന്റെയും വലിയൊരു ആഗ്രഹം ആണ്. പുത്തൻകുരിശിലെ തങ്കമ്മ ചേച്ചി ക്കും മൂന്നുമക്കൾക്കും ഇനി ആഗ്രഹപൂർത്തീകരണത്തിന്റെ നിമിഷങ്ങളാണ്. ഓർത്തഡോക്സ് സഭ കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ച് നൽകിയ വീടിന്റെ താക്കോൽദാന കർമ്മം ഇടവക മെത്രാപ്പോലീത്ത അഭി.ഡോ.മാത്യൂസ് മാർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു. അഭി. തിരുമേനിയുടെ പ്രാപ്തി പാർപ്പിടപദ്ധതിയുടെ തുകയിൽ നിന്നും ഭദ്രാസന യുവജനപ്രസ്ഥാനം അംഗങ്ങളുടെ സാമ്പത്തിക സഹായത്താലുമാണ് വീട് പണി പൂർത്തിയായിരിക്കുന്നത്. രണ്ട് മുറി, ഹാൾ സഹിതം 900 ച.മീറ്റർ ഓട് മൂടിയ ഭവനം ആണ് പൂർത്തികരിച്ചിരിക്കുന്നത് കണ്ടനാട് വെസ്റ്റ് ഭദ്രസാന യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ.ജോമോൻ ചെറിയാൻ, ഭദ്രാസന ജനറൽ സെക്രട്ടറി ഗിവിസ് മാർക്കോസ്, പേൾ കണ്ണേത്ത് എന്നിവർ നേതൃത്വം നൽകി.



രാജസ്ഥാനിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലൂടെ സർവ്വീസ്നടത്തുന്ന ഇന്ത്യൻ റെയിൽവേയുടെ ആഡംബര ട്രെയിനാണ്
പാലസ്ഓൺ വീൽസ്

*In loving memory of*



## Very. Rev. Ephrem Remban (100)

*Mar Kuriakose Asramam, Mylapara*




**JOBY T LAL**

**(OCYM Central Secretary & Malayala Manorama Marketing Division)**

**& RANI RACHEL JACOB**




**Adv. Robin Raju**

(OCYM Delhi Diocesan Secretary)

**& Nissy Babu**




Printed and Published by :H.G. Dr. Yuhanon Mar Chrisostomos Metropolitan on behalf of President, OCYM, St. Thomas Bhavan, Kottayam- 1
Printed at : Peediakkal Press, Thiruvalla, 9447347647 Chief Editor : Fr. Thomas Raju, Karuvatta
Publisher : Fr. John T. Samuel. Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997